05 ഏപ്രിൽ 2019
വാല്യം. 25
ലക്കം. 07

# മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.marupacha.com
Published from Thiruvalla on 05-04-2019

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 4.00

## ഉയിർപ്പിന്റെ ആഘോഷം

# സാത്താനുമായി സംവാദം വേണ്ട: ഫ്രാൻസിസ് പാപ്പ

**വത്തിക്കാൻ:** വൻ വിജയങ്ങൾ വാഗ്ദാനം ചെയ്തു കൊണ്ട് നമ്മെ വഴി പിഴപ്പിക്കാനായി ലോകം ഒരുക്കുന്ന പ്രലോഭനങ്ങൾ സാത്താന്യമാണെന്ന് ഫ്രാൻസിസ് പാപ്പ.

ഒരാളും സാത്താനുമായി സംവാദം നടത്തരുത്. ആരും അവനുമായി ചർച്ചയും അരുത്. ദൈവവചനം കൊണ്ട് പ്രത്യുത്തരം കൊടുക്കുക മാത്രം ചെയ്യൂ. പിശാചിന്റെ പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള മാർഗം അതാണ്. വത്തിക്കാനിൽ ലൂക്കോസ് 4:1–13 വരെ അടിസ്ഥാനമാക്കിയുള്ള ചിന്തകൾ പങ്കുവെയ്ക്കുകയായിരുന്നു ഫ്രാൻസിസ് പാപ്പ.



മരുഭൂമിയിൽ വച്ച് യേശുവിനുണ്ടായ പ്രലോഭനത്തെക്കുറിച്ച് പറയുന്നു. 40 ദിവസത്തെ ഉപവാസത്തിനുശേഷം യേശു മൂന്നുവട്ടം സാത്താനാൽ പരീക്ഷിക്കപ്പെടുന്നു. ആദ്യം അവൻ യേശുവിനെ ക്ഷണിക്കുന്നത് കല്ല് അപ്പമാക്കുവാനാണ്. തുടർന്ന് ഉന്നതത്തിൽ നിന്നും ലോകത്തിലെ എല്ലാ രാജ്യങ്ങളും കാണിച്ചു കൊണ്ട് ശക്തനും മഹത്വപൂർണ്ണനുമായ ഒരു മിശിഹായാകുവാൻ അവൻ പ്രലോഭിപ്പിക്കുന്നു. അവസാനം, യേശുവിനെ ജറുസലേം ദൈവാലയത്തിന്റെ ഗോപുരാഗ്രത്തിലേക്ക് കൊണ്ടുപോയി, തന്റെ ദൈവീകശക്തി മഹനീയമായി പ്രകടമാക്കുന്നതിന് യേശുവിനോട് താഴേക്ക് ചാടുവാൻ ആവശ്യപ്പെടുന്നു. വൻവിജയങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് നമ്മെ വഴിപിഴപ്പിക്കുവാനായി ലോകം എപ്പോഴും വാഗ്ദാനം ചെയ്യുന്ന മൂന്ന് പാതകളാണ് ഈ മൂന്ന് പ്രലോഭനങ്ങൾ സൂചിപ്പിക്കുന്നത്: സമ്പത്തിനുള്ള ആർത്തി-സമ്പാദിക്കുക, സമ്പാദിക്കുക-മാനുഷിക മഹത്വത്തിനായുള്ള ആർത്തി, ഈ മൂന്ന് വഴികളും നമ്മെ നാശത്തിലേക്കാവും നയിക്കുക.

ഒന്നാമത്തേത്: സമ്പത്തിനായുള്ള ആർത്തിയാണ്. സാത്താന്റെ വഞ്ചനാത്മകമായ യുക്തിയാണതിലുള്ളത്. അവൻ തുടങ്ങുന്നത് പരിപോഷണത്തിനുള്ള, ജീവിക്കാൻ വേണ്ട, സാക്ഷാത്കാരത്തിനും ആനന്ദത്തിനും വേണ്ട, സ്വാഭാവികവും നിയമപരവുമായ ആവശ്യത്തിൽ നിന്നുമാണ്. ഇതെല്ലാം ദൈവത്തെ കൂടാതെ ദൈവത്തിന് നിരക്കാത്ത രീതിയിൽപ്പോലും സാധ്യമാണെന്ന് വിശ്വസിക്കുവാൻ അവൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. യേശു അവനെ നേരിടുന്നത് "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത്" എന്ന് എഴുതപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ്. തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മരുഭൂമിയിലൂടെയുള്ള സുദീർഘമായ യാത്രയെ അനുസ്മരിച്ചുകൊണ്ട്, എപ്പോഴും തന്റെ മക്കളുടെ കാര്യത്തിൽ ശ്രദ്ധാലുവായ സ്വർഗ്ഗസ്ഥനായ പി

ശേഷം പേജ് 8

## നൂറ്റിമുപ്പത് കോടി കത്തോലിക്കർ

### ലോക ജനസംഖ്യയുടെ 17.7 ശതമാനം

**വത്തിക്കാൻ:** ലോകജന സംഖ്യയുടെ 17.7 ശതമാനം കത്തോലിക്കരുണ്ടെന്ന് വത്തിക്കാൻ ഇയർ ബുക്കിൽ പറയുന്നു. ലോകമെങ്ങുമായി നൂറ്റിമുപ്പതു കോടി കത്തോലിക്കർ ഉണ്ട്. ഏറ്റവും കുറവ് കത്തോലിക്കർ ഉള്ളത് ഏഷ്യയിലാണ്. ജനസംഖ്യയുടെ 3.3% ശതമാനം അമേരിക്കൻ ജനസംഖ്യയുടെ 63.8 ശതമാനം കത്തോലിക്കരാണെന്നു വത്തിക്കാൻ അവകാശപ്പെടുന്നു.

യൂറോപ്പിൽ 39.7 ശതമാനമാണ് കത്തോലിക്കർ. ആഫ്രിക്കയിൽ 19.8 ശതമാനം. ആഫ്രിക്കയിലും ഏഷ്യയിലും ആകെ ജനസംഖ്യ വർദ്ധിക്കുന്നതിനേക്കാൾ വേഗത്തിൽ കത്തോലിക്കരുടെ എണ്ണം വർദ്ധിക്കുന്നുണ്ടെന്നും വത്തിക്കാൻ വെളിപ്പെടുത്തുന്നു. വൈദിക വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതിൽ വത്തിക്കാന് ആശങ്കയുണ്ട്.

## വൈദികർക്ക് രാഷ്ട്രീയം വേണ്ട

**കോട്ടയം:** ഇടുക്കി രൂപതയിലെ വൈദികർ ലോകസഭാ തെരഞ്ഞെടുപ്പിൽ നേരിട്ട് ഇടപെടരുതെന്ന കർശന നിർദ്ദേശവുമായി ഇടുക്കി രൂപതാ ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേലിന്റെ രഹസ്യ സർക്കുലർ. രൂപതയിലെ വൈദികർക്കായുള്ള വാട്സ്ആപ്പ് ഗ്രൂപ്പിലൂടെയാണു സർക്കുലർ കൈമാറിയത്. ഈ മാസം ഒൻപതിനാണ് സർക്കുലർ അയച്ചത്.

*സർക്കുലറിലെ നിർദ്ദേശങ്ങൾ ഇവയാണ്:*

വൈദികർ തെരഞ്ഞെടുപ്പിൽ ഇടപെടരുത്.

ഏതെങ്കിലും ഒരു മുന്നണിക്കോ സ്ഥാനാർത്ഥിക്കോ വേണ്ടി പ്രവർത്തിക്കാനോ നിലപാടു സ്വീകരിക്കാനോ പാടില്ല. പരസ്യമായി രാഷ്ട്രീയ നിലപാട് സ്വീകരിക്കരുത്, പൊതുവേദികളിൽ പങ്കെടുക്കരുത്.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള പ്രചരണ പരിപാടികളിൽ നിന്നു ഒഴിഞ്ഞു നിൽക്കണം. പ്രസ്താവനകൾ പാടില്ല. വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ അപവാദങ്ങൾക്ക് ഇടനൽകരുത്.

കെസിബിസി നൽകുന്ന മാർഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണം.

വൈദികർ ആത്മീയ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്. അവരുടെ ജോലിയും അതു തന്നെയാണ്. വിശ്വാസികൾക്ക് ബുദ്ധിയും വിവേചനാധികാരവും ഉണ്ട്. അവർ തീരുമാനമെടുക്കട്ടെ.

ഇടുക്കി രൂപതയിൽ 130 പള്ളികളിലായി 187 വൈദികരാണുള്ളത്. ബിഷപ്പിന്റെ സർക്കുലറിൽ അസ്വാഭാവികതയൊന്നുമില്ലെന്നു രൂപതാ വക്താവ് പറഞ്ഞു.

## കൊച്ചുപ്പാപ്പൻ

മനുഷ്യ നിർമ്മിത പ്രളയം വോട്ടാക്കാൻ പറ്റുമെന്നു
- *രമേശ് ചെന്നിത്തല*



**പ്രളയം വന്നില്ലായിരുന്നെങ്കിൽ!**

# സിറിയയിലെ ദുരിതങ്ങൾ തീർന്നിട്ടില്ല

**ദമാസ്കസ്:** ഇസ്ലാമിക ഭീകരവാദികളുടെ അക്രമങ്ങളെ തുടർന്നു സിറിയയിൽ നേരിടുന്നത് വിവരിക്കാനാകാത്ത ദുരിതങ്ങളാണെന്ന് സിറിയൻ കത്തോലിക്കാ പാത്രിയർക്കീസ് ഇഗ്നേസ് ജോസഫ് മൂന്നാമൻ യൗനാൻ പ്രസ്താവിച്ചു. കാരിത്താസ് ഇന്റർനാഷണൽ അദ്ധ്യക്ഷനായ കാർഡിനൽ ലുയി അന്റോണിയോ ടാഗ്ലെയ്ക്കൊപ്പം ദമാസ്കസിനു സമീപത്തെ ജനവാസകേന്ദ്രങ്ങൾ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ദീർഘകാലം മുസ്ലീം തീവ്രവാദികൾ ക്രൈസ്തവരെ ബന്ദികളാക്കി വച്ച ഈ പ്രദേശങ്ങളിലുണ്ടായിരിക്കുന്നത് ഭീകരമായ വിനാശമാണെന്നു പാത്രിയർക്കീസ് പറഞ്ഞു.

ഇസ്ലാമിക് സ്റ്റേറ്റ് ഭീകരരിൽ നിന്ന് സിറിയൽ ഭരണകൂടം ഏറ്റവുമൊടുവിൽ മോചിപ്പിച്ച പ്രദേശത്തായിരുന്നു സഭാനേതാക്കളുടെ സന്ദർശനം. ഒരു സമയത്ത് നാലു ലക്ഷത്തോളം പേരാണ് ഇവിടെ ഇസ്ലാമിക് സ്റ്റേറ്റിന്റെ അടിമത്തത്തിൽ കഴിഞ്ഞിരുന്നത്. രാസായുധപ്രയോഗങ്ങൾ വരെ ഈ പ്രദേശത്തു നടന്നതായി വാർത്തകളുണ്ടായിരുന്നു. പ്രദേശത്തിന്റെ സമഗ്രമായ പുനഃനിർമ്മാണമാണ് ആവശ്യമായിരിക്കുന്നതെന്നും ജീവകാരുണ്യപ്രവർത്തനങ്ങൾ മതിയാകില്ലെന്നും പാത്രിയർക്കീസ് പറഞ്ഞു.

ഇവിടേയ്ക്ക് കത്തോലിക്കാ സഭയുടെ അന്താരാഷ്ട്ര സഹായമെത്തിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായിരുന്നു കാരിത്താസ് ഇന്റർ നാഷണൽ അദ്ധ്യക്ഷനെ കൂട്ടിയുള്ള സിറിയൻ സഭാദ്ധ്യക്ഷന്മാരുടെ സന്ദർശനം.

### അടിമത്വം അനുഭവിച്ചത് നാല് ലക്ഷം പേർ



ചെയർമാൻ
**ജോൺ വർഗീസ്**

മാനേജിംഗ് എഡിറ്റർ
**ഫിന്നി രാജു ഹൂസ്റ്റൺ**

ചീഫ് എഡിറ്റർ
**അച്ചൻകുഞ്ഞ് ഇലന്തൂർ**

ഓവർസീസ് എഡിറ്റർ
**ഉമ്മൻ എബനേസർ**

ഓവർസീസ് ഡയറക്ടർ
**ഡോ. എം.എസ്.സാമുവൽ**

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
**റവ. ചാക്കോ ജോർജ്ജ്**

റസിഡന്റ് എഡിറ്റേഴ്സ്
**കുര്യാക്കോസ് തോട്ടത്തിൽ**
**ജാൻസി എ. വർഗീസ്**

അസോസിയേറ്റ് എഡിറ്റേഴ്സ്
**ഷിബു മുള്ളംകാട്ടിൽ**
**വർഗീസ് മാത്യു**
**ചാർലീസ് മാത്യു**
**റെജി മൂലേടം**
**മാത്യൂസ് പി. ജോൺ**
**ജോസ് ഐക്കരപ്പടി**
**റെഞ്ചി ജേക്കബ് ജോർജ്**
**ബെന്നി കൊച്ചുവടക്കേൽ**
**സബ് എഡിറ്റേഴ്സ്**
**ജെസ്സി വർഗീസ്**
**ജെയ് തോമസ് മാലിയിൽ**
**പൊന്നമ്മ സാം**
സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
**റ്റീയെസ് കപ്പമാംമൂട്ടിൽ**
**റെജി വർഗീസ് വെണ്ണിക്കുളം**
**ഫിന്നി ബെഞ്ചമിൻ വർഗീസ്**
**ജസ്റ്റസ് ചന്ദ്രബോസ്**
**സാം മാത്യു ന്യൂയോർക്ക്**

**യു.കെ.**
ജനറൽ കോ-ഓർഡിനേറ്റർ
**ജിജി ബറോഡ**

**യു.എ.ഇ.**
ജന. കോ-ഓർഡിനേറ്റർ
**ജോൺ മത്തായി അതിരുങ്കൽ**
ജോ. കോ-ഓർഡിനേറ്റർ
**ജെയിംസ് മേമന**

കോ-ഓർഡിനേറ്റേഴ്സ്
**മജ്ഞു പീടിയേക്കൽ**
**ബെന്നി പാപ്പച്ചൻ ഒക്കലഹോമ**
**രാജൻ ഏബ്രഹാം**
**മോൻസി വളഞ്ഞവട്ടം ഡാളസ്സ്**
**ജോയി സാം ജേക്കബ് കാനഡ**

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 150 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

**മരുപ്പച്ച**
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള.
ഫോൺ : 0469-2634321
maruppacha@yahoo.com
www.marupacha.com

# ജീവനായകൻ ഉത്ഥാനം ചെയ്തു

"**അ**ബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ നമ്മുടെ പിതാക്കന്മാരുടെ ദൈവം തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി; അവനെ നിങ്ങൾ ഏല്പിച്ചു കൊടുക്കുകയും അവനെ വിട്ടയപ്പാൻ വിധിച്ച പീലാത്തോസിന്റെ മുമ്പിൽ വച്ചു തള്ളിപ്പറയുകയും ചെയ്തു. പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു, കുലപാതകനായവനെ വിട്ടു തരേണം എന്നു ചോദിച്ചു, ജീവനായകനെ കൊന്നു കളഞ്ഞു. അവനെ ദൈവം മരിച്ചവരിൽ നിന്നും എഴുന്നേല്പിച്ചു. അതിനു ഞങ്ങൾ സാക്ഷികൾ."

യെരുശലേമിലെ ശലോമോന്റെ മണ്ഡപത്തിൽ തടിച്ചു കൂടിയ യഹൂദജനതയോടു പത്രോസ് ശ്ലീഹാ പറഞ്ഞ വാക്കുകളിൽ നിന്നും ഇന്നും ഉയിർപ്പിന്റെ ശക്തി വ്യാപരിക്കുന്നു. അതേ! യേശുക്രിസ്തു മരണത്തെ തോല്പിച്ചു ഉയിർത്തെഴുന്നേറ്റു. കല്ലറയ്ക്ക് യേശുവിനെ അടക്കി വയ്ക്കുവാൻ കഴിഞ്ഞില്ല. യേശുക്രിസ്തുവിന്റെ ഉത്ഥാനം ചരിത്രത്തിലെ അത്ഭുതമാണ്. യുക്തികൊണ്ടു വിശ്വസിക്കാനാവണമെന്നില്ല. കാരണം ഭൗതിക ജീവിതം ജനനമരണങ്ങൾ കൊണ്ടവസാനിക്കുന്നതാണല്ലോ. അതിനപ്പുറത്തുള്ളത് വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനു ശാസ്ത്ര ദൃഷ്ടിയിലൂടെ പൂർണ്ണ ഉത്തരം കണ്ടെത്താനായെന്നു വരില്ല, വിശ്വാസത്തിന്റെ തലത്തിലുള്ളതെല്ലാം യുക്തിക്ക് വഴങ്ങണമെന്നില്ല.

യേശുക്രിസ്തു പൂർണ്ണ മനുഷ്യനായിരിക്കുമ്പോൾ തന്നെ പൂർണ്ണ ദൈവവുമാണ്, ദൈവപുത്രനാണ്. രക്ഷാകര ദൗത്യത്തിന്റെ ഭാഗമായാണ് അവിടുന്നു മരണത്തെ തോല്പിച്ചു, കല്ലറവിട്ടു ഉത്ഥാനം ചെയ്തതും. മനുഷ്യ ജീവിതം മരണം കൊണ്ടവസാനിക്കുന്നില്ല എന്ന വലിയ സന്ദേശമാണ് അവിടെത്തെ ഉത്ഥാനത്താൽ നാം മനസ്സിലാക്കുന്നത്. മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? അതെ, ജീവിക്കും എന്നു തന്നെയാണ് സത്യക്രിസ്ത്യാനി ഉറപ്പായി പറയുന്നത്. ഉയിർപ്പിന്റെ ദർശനം മാറ്റി നിർത്തിയാൽ ക്രിസ്ത്യാനിത്വം പൂർണ്ണമല്ല, കേവലം ഒരു മതം മാത്രമാണ്. വേണമെങ്കിൽ സ്നേഹത്തിന്റെയും കരുണയുടെയും മതമെന്നു പറയാം. എന്നാൽ ക്രിസ്ത്യാനിത്വത്തെ മതങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാക്കുന്നത് ജീവനായകനായ യേശുക്രിസ്തുവിന്റെ ഉത്ഥാനം ആണ്. യേശു മരണത്തെ കീഴ്പ്പെടുത്തി ഉയിർത്തെഴുന്നേറ്റതുപോലെ തന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും വീണ്ടും ജീവിക്കും. അവിടുന്നു മരണത്തെ തോല്പിച്ചു നമ്മുടെ മരണഭീതി അകറ്റി. ഉത്ഥാനം ചെയ്തതിനാൽ നമുക്കും ഉത്ഥാനം ലഭിക്കും.

ഉയിർപ്പ് ഒരു മത ഭാവനയല്ല. ഭാഗ്യകരമായ യാഥാർത്ഥ്യമാണ്. വീണ്ടെടുപ്പിന്റെ പ്രത്യാശയാണ്. മരണത്തിന്റെ മേലുള്ള - ദ്രവത്വത്തിന്റെ മേലുള്ള വിജയ പ്രഖ്യാപനമാണ്. പൗലൊസ് ശ്ലീഹാ തറപ്പിച്ചു പറയുന്നതിങ്ങനെയാണ്: "ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കുമ്പോൾ 'മരണം നീങ്ങി ജയം വന്നിരിക്കുന്നു' എന്നു എഴുതിയ വചനം നിവൃത്തിയാകും. ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ള പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നല്കുന്ന ദൈവത്തിന് സ്തോത്രം." യേശുക്രിസ്തുവിന്റെ ഉത്ഥാനം മനുഷ്യ വർഗത്തിന്റെ ഗതിമാറ്റി എഴുതുകയായിരുന്നു. യഹൂദാമത പുരോഹിതന്മാരുടെയും റോമൻ ഭരണകൂടത്തിന്റെയും ശക്തിയെ നിഷ്പ്രദമാക്കി കൊണ്ടാണ് യേശുക്രിസ്തു ഉത്ഥാനം ചെയ്തത്. അവിടുന്നു ഉയിർത്തെഴുന്നേറ്റത് ശരീരത്തോടു കൂടെയായിരുന്നു എന്നതാണ് ഏറ്റവും വലിയ ആശ്ചര്യം. കല്ലറ ശൂന്യമായി! യേശുക്രിസ്തുവിന്റെ ജീവിതമാണ് വിശ്വാസ സമൂഹത്തിന്റെ പ്രത്യാശയുടെ അടിസ്ഥാനം.

പൗലൊസ് ശ്ലീഹാ ഉയിർപ്പിന്റെ പ്രത്യാശയെപ്പറ്റി ദൃഢമായി പറയുന്നുണ്ട്. "ദ്രവത്വത്തിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർക്കുന്നു; പ്രാകൃത ശരീരം വിതയ്ക്കപ്പെടുന്നു; ആത്മീക ശരീരം ഉയിർക്കുന്നു; പ്രാകൃത ശരീരം ഉണ്ടെങ്കിൽ ആത്മീക ശരീരവും ഉണ്ട്. ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ; ഒടുക്കത്തെ ആദാം ജീവിക്കുന്ന ആത്മാവായി. ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്നു മണ്ണു കൊണ്ടുള്ളവൻ. രണ്ടാം മനുഷ്യൻ സ്വർഗത്തിൽ നിന്നുള്ളവൻ. മണ്ണുകൊണ്ടുള്ളവനെപ്പോലെ മണ്ണുകൊണ്ടുള്ളവരും സ്വർഗീയനെപ്പോലെ സ്വർഗീയന്മാരും ആകുന്നു. നാം മണ്ണു കൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചിരിക്കുന്നതുപോലെ സ്വർഗീയന്റെയും പ്രതിമ ധരിക്കും. അന്ത്യകാഹള നാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കേണം."

ആശ്ചര്യകരമായ സ്നേഹമാണ് ക്രിസ്തുവിന്റെ ക്രൂശുമരണം. മനുഷ്യന്റെ ഭാഗ്യകരമായ പ്രത്യാശയാണ് ഉത്ഥാനം. യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ഉയിർപ്പിന്റെ പ്രത്യാശയുണ്ട്. ഉയിർപ്പ് കൂടാതെ ക്രിസ്ത്യാനിത്വമില്ല.

ഉയിർപ്പ് ഒരു മത ഭാവനയല്ല. ഭാഗ്യകരമായ യാഥാർത്ഥ്യമാണ്. വീണ്ടെടുപ്പിന്റെ പ്രത്യാശയാണ്. മരണത്തിന്റെ മേലുള്ള – ദ്രവത്വത്തിന്റെ മേലുള്ള വിജയ പ്രഖ്യാപനമാണ്. പൗലൊസ് ശ്ലീഹാ തറപ്പിച്ചു പറയുന്നതിങ്ങനെയാണ്: "ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കുമ്പോൾ 'മരണം നീങ്ങി ജയം വന്നിരിക്കുന്നു' എന്നു എഴുതിയ വചനം നിവൃത്തിയാകും. ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ള പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നല്കുന്ന ദൈവത്തിന് സ്തോത്രം." യേശുക്രിസ്തുവിന്റെ ഉത്ഥാനം മനുഷ്യ വർഗത്തിന്റെ ഗതിമാറ്റി എഴുതുകയായിരുന്നു. യഹൂദാമത പുരോഹിതന്മാരുടെയും റോമൻ ഭരണകൂടത്തിന്റെയും ശക്തിയെ നിഷ്പ്രദമാക്കി കൊണ്ടാണ് യേശുക്രിസ്തു ഉത്ഥാനം ചെയ്തത്. അവിടുന്നു ഉയിർത്തെഴുന്നേറ്റത് ശരീരത്തോടു കൂടെയായിരുന്നു എന്നതാണ് ഏറ്റവും വലിയ ആശ്ചര്യം. കല്ലറ ശൂന്യമായി! യേശുക്രിസ്തുവിന്റെ ജീവിതമാണ് വിശ്വാസ സമൂഹത്തിന്റെ പ്രത്യാശയുടെ അടിസ്ഥാനം. ക്രിസ്തുവിന്റെ ക്രൂശുമരണത്തിനും അടക്കത്തിനും ശേഷം അക്ഷരാർത്ഥത്തിൽ തന്നെ ശിഷ്യന്മാർ പേടിച്ചു വിറച്ചു പോയിരുന്നു.

"ആഴ്ച വട്ടത്തിന്റെ ഒന്നാംനാൾ ആയ ദിവസം ശിഷ്യന്മാർ യഹൂദന്മാരെ പേടിച്ചു ഒരു സ്ഥലത്തു വാതിൽ അടച്ചിരുന്നുയെന്നു യോഹന്നാൻ പറയുന്നുണ്ട്." യേശുവിന്റെ ക്രൂശുമരണത്തിനു ശേഷം നടന്ന കാര്യങ്ങൾ സുവിശേഷങ്ങളിൽ നിന്നും നമുക്ക് വ്യക്തമാണ്. യേശുവിന്റെ ഭൗതിക ശരീരത്തിൽ പൂശുവാനുള്ള സുഗന്ധ വർഗ്ഗവുമായി കല്ലറയ്ക്കൽ പോയ മഗ്ദലക്കാരത്തി മറിയ, യാക്കോബിന്റെ അമ്മ മറിയ, ശലോമി എന്നിവർ കണ്ടത് കല്ലറയുടെ കവാടത്തിലെ കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നു. ഒരു ദൂതൻ സ്വർഗത്തിൽ നിന്നും ഇറങ്ങി വന്നാണ് കല്ലുരുട്ടി മാറ്റിയതെന്നവർക്ക് ബോധ്യമായി. അവർ ദൂതന്മാരെ കാണുന്നു. യേശുക്രിസ്തു ശരീരത്തോടെ ഉയിർത്തെഴുന്നേറ്റു എന്ന് മനസ്സിലാക്കി. മഹാസന്തോഷത്തോടും പരിഭ്രമത്തോടും കൂടെ ശിഷ്യന്മാരോടു വിവരം പറയുവാൻ ഓടിപ്പോയതായി മത്തായി രേഖപ്പെടുത്തുന്നു.

പത്രോസും യോഹന്നാനും ചെന്ന് ഒഴിഞ്ഞ കല്ലറ കണ്ടു ബോധ്യപ്പെടുന്നു. മഗ്ദലക്കാരത്തി മറിയ കല്ലറയ്ക്കൽ തിരികെ വരുമ്പോൾ യേശുക്രിസ്തു അവർക്ക് പ്രത്യക്ഷനാകുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ വിവരങ്ങൾ പുതിയ നിയമത്തിൽ പല ഭാഗത്തും പറയുന്നു. അഞ്ഞൂറിലധികം പേർക്ക് ഒരുമിച്ചു പ്രത്യക്ഷമായതിനെപ്പറ്റി പൗലൊസ് ശ്ലീഹാ പറയുന്നുണ്ട്.

മഗ്ദലന മറിയ, മറ്റേ മറിയ, എമ്മവുസ്സിലേക്ക് പോയ ശിഷ്യന്മാർ, പത്രോസ്, യാക്കോബ് മറ്റു ശിഷ്യന്മാർക്ക്... വിശ്വാസത്തെ ഉറപ്പിക്കാൻ ഇതിലധികം പ്രത്യക്ഷതകൾ ആവശ്യമുണ്ടോ? പൗലൊസ് ശ്ലീഹാ പറയുന്നു : "ദൈവമോ, അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു. അവൻ തന്നോടു കൂടെ ഗലീലയിൽ നിന്ന് യെരുശലേമിലേക്ക് വന്നവർക്ക് ഏറിയ ദിവസം പ്രത്യക്ഷനായി. അവർ ഇപ്പോൾ ജനത്തിന്റെ മുമ്പാകെ സാക്ഷികളായി."

അസ്ഥിയും മാംസവുമുള്ളവനായ ഉത്ഥിതനായ ക്രിസ്തുവിനെയാണ് ശിഷ്യന്മാർ കണ്ടെത്. നമ്മെ ആശ്ചര്യപ്പെടുത്തുന്ന ഒരു വിവരണം ലൂക്കോസ് നൽകുന്നു. അതിങ്ങനെയാണ്. "ശിഷ്യന്മാർ പോകുന്ന ഗ്രാമത്തോടടുത്തപ്പോൾ യേശു മുമ്പോട്ടു പോകുന്ന ഭാവം കാണിച്ചു അവരോ; ഞങ്ങളുടെ കൂടെ പാർക്കുക, നേരം അസ്തമിപ്പാറായല്ലോ എന്നു പറഞ്ഞു അവനെ നിർബന്ധിച്ചു. അവൻ അവരോടു കൂടെ പാർപ്പാൻ ചെന്നു. അവനുമായി ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവർക്ക് കൊടുത്തു. ഉടനെ അവരുടെ കണ്ണു തുറന്നു. അവർ അവനെ അറിഞ്ഞു അവൻ അവർക്ക് അപ്രത്യക്ഷനായി."

അവർ കാണുന്നതു ഭൂതമായിരിക്കാമെന്നു സംശയിച്ച ശിഷ്യന്മാരോടു യേശു കർത്താവു പറഞ്ഞത് എന്നെ തൊട്ടു നോക്കുവീൻ എന്നിൽ കാണുന്നതു പോലെ ഭൂതത്തിന് അസ്ഥിയും മാംസവും ഇല്ലല്ലോ എന്നു പറഞ്ഞു. കൈകാലുകൾ കണ്ട് ആശ്ചര്യത്തോടു നില്ക്കുന്ന ശിഷ്യന്മാരോടു അവിടുന്നു ഭക്ഷിക്കാൻ ചോദിച്ചു. അവൻ അവരുടെ കൈയ്യിൽ നിന്നും ഒരു കഷണം വറുത്ത മീനും തേൻകട്ടയും വാങ്ങി തിന്നു. ഒരു മനുഷ്യൻ ചെയ്യുന്നതെല്ലാം ഉത്ഥിതനായ യേശു ചെയ്തു. നസ്രേത്തുകാരനായ യേശു തന്നെ കർത്താവും രക്ഷകനും ദൈവവുമെന്നു അവർ ഘോഷിക്കുവാൻ ഉത്ഥാനം ചെയ്ത യേശു ക്രിസ്തുവിന്റെ പ്രത്യക്ഷതകൾ സഹായമായി.

യേശുക്രിസ്തുവിനുവേണ്ടി ജീവിക്കാനും പ്രഘോഷിക്കാനും രക്ത സാക്ഷിത്വം വഹിക്കാനും പ്രചോദനം നൽകിയത് ഉയിർത്തെഴുന്നേറ്റ ക്രിസ്തു സാന്നിധ്യമായിരുന്നു. ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യം ഇന്നും നമുക്ക് അനുഭവിക്കാം.



അച്ചൻകുഞ്ഞ് ഇലന്തൂർ

രാജ്യപുരോഗതി ലക്ഷ്യമാക്കി വ്യാപാര വ്യവസായ രംഗത്ത് ആഗോളവിപണി പിടിച്ചെടുക്കുകയെന്ന കാഴ്ചപ്പാടോടെ 1980 കളിൽ ചൈന ലോകത്തിലേക്ക് വാതായനങ്ങൾ തുറന്നിട്ടതോടെയാണ് ബൈബിളിന് ഇത്ര വിശാലമായി ചൈനയ്ക്കുള്ളിലേക്ക് പ്രവേശിക്കുവാൻ അവസരം ഉണ്ടായത്. അതുവരേയും ചൈനീസ് ക്രൈസ്തവരുടെ കയ്യിൽ വിരളമായേ ബൈബിളുകൾ ഉണ്ടായിരുന്നുള്ളൂ. കല്ലച്ചിൽ രഹസ്യമായി തയ്യാറാക്കിയതും മറ്റ് രാജ്യങ്ങളിൽ നിന്ന് രഹസ്യമായി കടത്തിക്കൊണ്ട് വന്നതുമായ ബൈബിളുകളായിരുന്നു അവയെല്ലാം



# ദൈവത്തിന്റെ അച്ചുകൂടം കമ്മ്യൂണിസ്റ്റ് ചൈനയിൽ



ഷാജി മാറാനാഥാ

**വാ**ക്ക് കൊണ്ടും പ്രവർത്തി കൊണ്ടും ദൈവമില്ലെന്ന് ലോകത്തോട് വിളിച്ച് പറയുന്ന ചൈനയുടെ ഉള്ളറയിൽ നിന്ന് ലോകമെങ്ങും അത്യാകർഷകങ്ങളായ പ്രിന്റിംങ്ങോടു കൂടി ബൈബിളെത്തുക എന്നത് അവിശ്വസനീയമായ വാർത്തയാണെന്നേ തോന്നൂ. പക്ഷേ സംഗതി സത്യമാണ്. കിഴക്കൻ ചൈനയിലെ നാൻജിംഗിലെ അമിറ്റി ബൈബിൾ പ്രിന്റിംഗ് എന്ന ലോകോത്തര പ്രസിദ്ധീകരണ സ്ഥാപനത്തിൽ നിന്ന് ഇന്ന് ലോകമെങ്ങുമുള്ള അനവധി ഭാഷയിൽ ബൈബിൾ എത്തിക്കൊണ്ടിരിക്കുകയാണ്. അമിറ്റി ബൈബിൾ പ്രിന്റിംഗ് കമ്പനിയിൽ 2014 നവംബർ വരെ അച്ചടിച്ച ബൈബിളുകളുടെ എണ്ണം പതിനാല് കോടിയാണ്...! ചൈനീസ് വന്മതിൽ ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നെങ്കിൽ ഇത് നിരീശ്വര ചൈനയിലെ ദൈവത്താൽ സംഭവിച്ച മഹാത്ഭുതം...!

80 വിദേശഭാഷകളിലും മാൻഡരിൻ അടക്കമുള്ള ചൈനീസ് ഭാഷകളിലുമാണ് അമിറ്റി ബൈബിളുകൾ പ്രസിദ്ധീകരിക്കുന്നത്. 70 രാജ്യങ്ങളിലേക്ക് അവ കയറ്റി അയക്കുന്നു. മാൻഡരിൻ കാന്റണീസ് എന്നിവ കൂടാതെ ചൈനയിലെ ന്യൂനപക്ഷ ഭാഷകളായ കൊറിയൻ, മിയാവോ, വ, ദായി, യീ, ലിസു ജഗു ലിങ്ങ്പോ എന്നീ ഭാഷകളിലും അവർ വേദപുസ്തകം പുറത്തിറക്കുകയാണ്. ഈ ന്യൂനപക്ഷ ഭാഷകളിലെല്ലാം പ്രവർത്തിക്കുന്ന മിഷണറിമാരുടെ ശ്രമഫലമായാണ് ചൈനയുടെ ഗ്രാമീണ മേഖലകളിൽ പോലും ബൈബിളെത്തിക്കുവാൻ അമിറ്റിക്ക് കഴിയുന്നത്. ഇംഗ്ലീഷ്, ജർമ്മൻ, സ്പാനിഷ്, ഫ്രഞ്ച് എന്നീ ലോകഭാഷകളിലും ആഫ്രിക്കയിലെ വിവിധ ഭാഷകളിലും അവർ വേദപുസ്തകം പുറത്തിറക്കുകയാണ്.

ഈ ന്യൂനപക്ഷ ഭാഷകളിലെല്ലാം പ്രവർത്തിക്കുന്ന മിഷണറിമാരുടെ ശ്രമഫലമായാണ് ചൈനയുടെ ഗ്രാമീണ മേഖലകളിൽ പോലും ബൈബിളെത്തിക്കുവാൻ അമിറ്റിക്ക് കഴിയുന്നത്. ഇംഗ്ലീഷ്, ജർമ്മൻ, സ്പാനീഷ്, ഫ്രഞ്ച് എന്നീ ലോകഭാഷകളിലും അമിറ്റിയിൽ ഇന്ന് ബൈബിൾ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. രാജ്യപുരോഗതി ലക്ഷ്യമാക്കി വ്യാപാര വ്യവസായ രംഗത്ത് ആഗോളവിപണി പിടിച്ചടുക്കുകയെന്ന കാഴ്ചപ്പാടോടെ 1980 കളിൽ ചൈന ലോകത്തിലേക്ക് വാതായനങ്ങൾ തുറന്നിട്ടതോടെയാണ് ബൈബിളിന് ഇത്ര വിശാലമായി ചൈനയ്ക്കുള്ളിലേക്ക് പ്രവേശിക്കുവാൻ അവസരം ഉണ്ടായത്. അതുവരേയും ചൈനീസ് ക്രൈസ്തവരുടെ കയ്യിൽ വിരളമായേ ബൈബിളുകൾ ഉണ്ടായിരുന്നുള്ളൂ. കല്ലച്ചിൽ രഹസ്യമായി തയ്യാറാക്കിയതും മറ്റ് രാജ്യങ്ങളിൽ നിന്ന് രഹസ്യമായി കടത്തിക്കൊണ്ട് വന്നതുമായ ബൈബിളുകളായിരുന്നു അവയെല്ലാം. ഉദാരവൽക്കരണ നയത്തോടെ ചൈന ആഗോള വിപണി ലക്ഷ്യമാക്കിയപ്പോൾ ജനത്തിന് കൂടുതൽ സ്വാതന്ത്ര്യം ഉണ്ടായി.


ഭവനസഭകൾക്കും അൽപ്പം അയവ് ലഭിച്ചു. പ്രിന്റിംഗ് രംഗത്ത് രാജ്യം വലിയ കുതിച്ച് കയറ്റം നടത്തി. പുറത്ത് നിന്ന് പ്രിന്റിംഗ് ജോലികൾ നിർവ്വഹിച്ച് കയറ്റിയയ്ക്കാനുള്ള അനുമതികളും ലഭിച്ചു തുടങ്ങി. ആ കാലഘട്ടത്തിലായിരുന്നു അമിറ്റി പ്രിന്റിംഗ് കമ്പനിയുടേയും തുടക്കം. ബൈബിളിന് വളരെ ആവശ്യക്കാരുണ്ടാവുകയും കയറ്റിയയക്കുവാൻ അവസരം കൈവരുകയും ചെയ്തപ്പോൾ വിദേശ വാണിജ്യ വ്യാപാര ലക്ഷ്യത്തോടെ അമിറ്റി ഫൗണ്ടേഷനും പ്രവർത്തിക്കുവാൻ അനുമതി കിട്ടി. സർക്കാരിന് അതിന്റെ പിന്നിൽ വിദേശ വാണിജ്യ താത്പ്പര്യമായിരുന്നുവെങ്കിൽ കാലങ്ങളായുള്ള ചൈനീസ് സഭയുടെ പ്രാർത്ഥനയ്ക്കുള്ള മറുപടിയായിരുന്നു അത്. അനുമതി കിട്ടിയ അടുത്ത നാളുകളിൽ തന്നെ അമിറ്റി ഫൗണ്ടേഷൻ യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയുമായി ചർച്ച നടത്തി. ചൈനീസ് ബിഷപ്പ് ടിംഗിന്റെ നേതൃത്വത്തിലുള്ള അമിറ്റി പ്രസാധകർ സൊസൈറ്റിയുമായി ധാരണാ പത്രത്തിൽ ഒപ്പുവച്ചു. ചൈനയുടെ യന്ത്രമേന്മയിൽ ഉളവായ അത്യാധുനിക പ്രിന്റിംഗ് മെഷീനുകൾ ദൈവവചനം പേപ്പറുകളിൽ പതിപ്പിച്ച് തുടങ്ങി.

ചൈനീസ് ഭാഷകളിൽ തന്നെ ചുരുങ്ങിയ വർഷത്തിനുള്ളിൽ 6.77 കോടി ബൈബിളുകളാണ് അമിറ്റി പ്രിന്റ് പുറത്തിറക്കിയത്. ചൈനയിൽ ഇന്ന് 8 കോടിയിലധികം ക്രൈസ്തവരുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. ഈ വളർച്ചയ്ക്ക് പിന്നിൽ അമിറ്റി ബൈബിൾ പ്രിന്റിംഗ് കമ്പനിയുടെ സംഭാവനകൾ ചെറുതല്ല. ചൈനയോട് ദൈവത്തിന് തോന്നിയ മനസലിവാണ് അമിറ്റി ബൈബിൾ പ്രിന്റിംഗ് കമ്പനി. അത് അത്ഭുതകരമായി ചൈനയിൽ പിറവിയെടുത്തു.

ഇനി നിയമം എത്ര ശക്തമാക്കിയാലും ദൈവം ആഗ്രഹിക്കുന്നിടം വരേയും അത് ചൈനയിൽ നിലകൊള്ളുകയും ചെയ്യും മനുഷ്യന് അസാദ്ധ്യമെന്ന് തോന്നുന്ന കാര്യങ്ങളെല്ലാം ദൈവത്താൽ സാധ്യമാണ്. സുവിശേഷം എത്തുവാൻ യാതൊരു സാധ്യതയു

ശേഷം പേജ് 8

ചൈനീസ് ഭാഷകളിൽ തന്നെ ചുരുങ്ങിയ വർഷത്തിനുള്ളിൽ 6.77 കോടി ബൈബിളുകളാണ് അമിറ്റി പ്രിന്റ് പുറത്തിറക്കിയത്. ചൈനയിൽ ഇന്ന് 8 കോടിയിലധികം ക്രൈസ്തവരുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. ഈ വളർച്ചയ്ക്ക് പിന്നിൽ അമിറ്റി ബൈബിൾ പ്രിന്റിംഗ് കമ്പനിയുടെ സംഭാവനകൾ ചെറുതല്ല. ചൈനയോട് ദൈവത്തിന് തോന്നിയ മനസലിവാണ് അമിറ്റി ബൈബിൾ പ്രിന്റിംഗ് കമ്പനി. അത് അത്ഭുതകരമായി ചൈനയിൽ പിറവിയെടുത്തു.






നിയമാംഗീകാരത്തിനായി വിവിധ അധ്യാപക സംഘടനകളും മാനേജ്മെന്റ് സംഘടനകളും ജില്ലാതല, സംസ്ഥാനതല പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയുണ്ടായി. അംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ സംഘടന തന്നെ പതിനഞ്ചു ദിവസത്തോളം സെക്രട്ടേറിയറ്റ് നടയിൽ ഭിക്ഷാടനസമരം നടത്തി. ഇത്രയൊക്കെയായിട്ടും ഭരണാധികാരികൾ പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരത്തിനു ശ്രമിക്കുന്നില്ല. വിവിധ കോടതികളിലെ കേസിന്റെ പേരു പറഞ്ഞുള്ള ഈ നിഷേധാത്മക സമീപനം തികച്ചും പ്രതിഷേധാർഹമാണ്.

# കെഇആർ ഭേദഗതിയും ന്യൂനപക്ഷ അവകാശങ്ങളും

ഫാ. ജോസ് കരിവേലിക്കൽ

**2016** ലെ കെഇആർ ഭേദഗതികളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ 2016–17 വർഷം മുതൽ നിയമിതരായ ആയിരക്കണക്കിന് അധ്യാപകർ നിയമനാംഗീകാരം ലഭിക്കാതെ ദുരിതത്തിലായിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെ വിദ്യാഭ്യാസ മുന്നേറ്റത്തിനായി സർക്കാരും വിദ്യാഭ്യാസ വകുപ്പും വിവിധ പദ്ധതികൾ പ്രഖ്യാപിക്കുകയും നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന അവസരമാണിത്. ഈ പ്രവർത്തനങ്ങൾക്കു ചാലകശക്തിയായി മാറേണ്ട അധ്യാപക സമൂഹത്തിലെ വലിയൊരു വിഭാഗം വർഷങ്ങളായി ശമ്പളം കിട്ടാതെ അസന്തുഷ്ടരായി ജോലി ചെയ്യേണ്ടിവരുന്നതു വിദ്യാഭ്യാസയജ്ഞത്തിന്റെ ലക്ഷ്യപ്രാപ്തിയെ ഗൗരവമായി ബാധിക്കും.



നിയമാംഗീകാരത്തിനായി വിവിധ അധ്യാപക സംഘടനകളും മാനേജ്മെന്റ് സംഘടനകളും ജില്ലാതല, സംസ്ഥാനതല പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയുണ്ടായി. അംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ സംഘടന തന്നെ പതിനഞ്ചു ദിവസത്തോളം സെക്രട്ടേറിയറ്റ് നടയിൽ ഭിക്ഷാടനസമരം നടത്തി. ഇത്രയൊക്കെയായിട്ടും ഭരണാധികാരികൾ പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരത്തിനു ശ്രമിക്കുന്നില്ല. വിവിധ കോടതികളിലെ കേസിന്റെ പേരു പറഞ്ഞുള്ള ഈ നിഷേധാത്മക സമീപനം തികച്ചും പ്രതിഷേധാർഹമാണ്.

എയ്ഡഡ് മേഖലയിലെ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ 1979–ലാണ് ആരംഭിക്കുന്നത്. 1979 വരെ, സംസ്ഥാനത്തു സ്ഥാപിതമായ എല്ലാ സ്കൂളുകളിലും നിയമനാവകാശം മാനേജർമാർക്കും കെഇആർ അനുസരിച്ച് നിർബാധം അനുവദിച്ചിരുന്നു. അതുപോലെ ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ നിയമനത്തിനു തടസവാദങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. സംസ്ഥാനത്ത് ആവശ്യമായ വിദ്യാഭ്യാസസ്ഥാപനങ്ങൾ തനിച്ചു സ്ഥാപിച്ചു നടത്താൻ ഗവൺമെന്റിനു സാധിക്കുകയില്ല എന്ന തിരിച്ചറിവായിരുന്നു സ്വകാര്യമേഖലയ്ക്ക്, പ്രത്യേകിച്ച് ന്യൂനപക്ഷത്തിന്, കെഇആറിലൂടെ നൽകിയിരുന്ന അവകാശങ്ങളിൽ യാതൊരു തടസവാദവും സൃഷ്ടിക്കാതെ നിയമനാംഗീകാരം നൽകിയിരുന്നതിനു കാരണം.

> ഒരു ജില്ലയിൽ സംരക്ഷിത അധ്യാപകർ ഇല്ലെങ്കിൽ മറ്റുജില്ലകളിൽ നിന്നുള്ള സംരക്ഷിത അധ്യാപകരിൽ നിന്നു നിയമനം നടത്തണമെന്നുള്ള ഉത്തരവും ഉണ്ടായിരിക്കുന്നു. നിയമിക്കപ്പെടുന്ന സംരക്ഷിത അധ്യാപകരെ സ്ഥലംമാറ്റാനോ ആവശ്യമായ സാഹചര്യങ്ങളിൽ ശിക്ഷണനടപടികൾ സ്വീകരിക്കാനോ മാനേജർമാർക്ക് അവകാശമില്ലാത്തതുമാണ്. പ്രസക്തമായ ചില കോടതിവിധികളുടെ അന്തഃസത്ത ഇത്തരുണത്തിൽ തിരിച്ചറിയുന്നതു നല്ലതാണ്.



എന്നാൽ, 1979–ൽ സ്വകാര്യമേഖലയിൽ കൂടുതൽ സ്കൂളുകൾ അനുവദിച്ച സാഹചര്യത്തിൽ പുതിയതായി ആരംഭിക്കുന്ന സ്കൂളുകളിൽ ആ ഉപജില്ലയിലുള്ള സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ വന്നു. ഭരണഘടന അനുവദിച്ചു നൽകിയ അവകാശങ്ങളുടെ നഗ്നമായ ലംഘനമായിരുന്നു ഈ നടപടി. കാരണം ഭാഷാ–മത ന്യൂനപക്ഷങ്ങളുടെ സംസ്കാരവും തനിമയും ധാർമികതയും തലമുറകൾ തോറും നിലനിറുത്താനും കൈമാറാനും കഴിയത്തക്ക വിധത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശമാണ് ഭരണഘടനയുടെ 30–ാം അനുച്ഛേദത്തിൽ നൽകിയിരിക്കുന്നത്. All minorities, whether based on religion or language, shall have the right to establish and administer educational institutions of their choice.

Administer എന്നതിനു പരമോന്നത കോടതി നൽകുന്ന വിശദീകരണം ഇങ്ങനെ : To effectively manage and conduct the affairs of the institutions management must be free of control so that the founders can mould the institutions with their ideas of how the interest of the community in general and the institution in particular will be best served.

ഈ ലക്ഷ്യം പൂർണമായി നേടണമെങ്കിൽ ഈ സ്ഥാപനങ്ങളിൽ അധ്യാപകരുടെ നിയമനാവകാശം പൂർണമായും മാനേജ്മെന്റിൽ നിക്ഷിപ്തമായിരിക്കണം. അതോടൊപ്പം തന്നെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏതെങ്കിലും ഗ്രാന്റോ സാമ്പത്തിക സഹായങ്ങളോ ഗവൺമെന്റിൽ നിന്നുണ്ടായാലും അത് ന്യൂനപക്ഷ അവകാശങ്ങളെ ഒരിക്കലും ഇല്ലാതാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുകയില്ലെന്നും ഭരണഘടന 30(2) അനുച്ഛേദത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്.

ഭരണഘടനയിലെ ഈ വകുപ്പുകളുടെ ഉദ്ദേശ്യം ന്യൂനപക്ഷത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്നതല്ല, അവരവരുടെ സംസ്കാരവും ധാർമികതയും സംരക്ഷിക്കുകയും തങ്ങളുടെ നിലനില്പും അഭിവൃദ്ധിയും ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ്.

ഈ സാഹചര്യത്തിൽ ന്യൂനപക്ഷാവകാശ വിരുദ്ധമായ ഉത്തരവുകൾക്കെതിരെ ന്യൂനപക്ഷസമുദായങ്ങൾ നിയമ പോരാട്ടവും ആരംഭിച്ചു. രാജ്യത്തെ ഹൈക്കോടതികളും പരമാധികാര കോടതിയും ഈ അവകാശങ്ങൾ നിയമാനുസൃതമാണെന്നു തങ്ങളുടെ വിധികളിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്. എങ്കിലും മാറിമാറി വന്ന സർക്കാരുകൾ ഈ ഭരണഘടനാനിർദ്ദേശത്തെ അവഗണിക്കുകയും അവസാനം 2016 ഡിസംബറിൽ നടത്തിയ ഭേദഗതിയിലൂടെ വളരെ കർശനമായ നിയമന നിരോധനം ഏർപ്പെടുത്തുകയാണ് ഉണ്ടായത്. G.O. 29/2016 dtd. 29(11) 2016, GO. 199/2016 dtd 3/12/2016.

### ഈ ഭേദഗതിയിലൂടെ വന്ന നിയന്ത്രണങ്ങൾ:

1. എൽപി, യുപി വിഭാഗങ്ങളിൽ പ്രഥമാധ്യാപകനെ ക്ലാസ് ചുമതലയിൽ നിന്ന് ഒഴിവാക്കുമ്പോഴുണ്ടാകുന്ന ഒഴിവുകൾ (HTV), 2. പഴയ–പുതിയ എന്ന വ്യത്യാസമില്ലാതെ എല്ലാ സ്കൂളിലും ഉണ്ടാകുന്ന പുതിയ തസ്തിക ഒഴിവുകളിൽ 1:1 അനുപാതത്തിലും. 3. പുതിയ സ്കൂളുകളിൽ 51A, 51B, 43 അവകാശികളില്ലെങ്കിൽ എല്ലാ ഒഴിവുകളിലും 4. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ അവധി ഒഴിവുകളിലും 5. അൺ ഇക്കണോമിക് സ്കൂളുകളിലെ എല്ലാ ഒഴിവുകളിലും സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്നാണു വ്യവസ്ഥ. ചുരുക്കത്തിൽ സ്വകാര്യ സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്കു വ്യാപകമായ നിരോധനമാണ് ഉണ്ടായിരിക്കുന്നത്.

ഒരു ജില്ലയിൽ സംരക്ഷിത അധ്യാപകർ ഇല്ലെങ്കിൽ മറ്റുജില്ലകളിൽ നിന്നുള്ള സംരക്ഷിത അധ്യാപകരിൽ നിന്നു നിയമനം നടത്തണമെന്നുള്ള ഉത്തരവും ഉണ്ടായിരിക്കുന്നു. നിയമിക്കപ്പെടുന്ന സംരക്ഷിത അധ്യാപകരെ സ്ഥലംമാറ്റാനോ ആവശ്യമായ സാഹചര്യങ്ങളിൽ ശിക്ഷണനടപടികൾ സ്വീകരിക്കാനോ മാനേജർമാർക്ക് അവകാശമില്ലാത്തതുമാണ്. പ്രസക്തമായ ചില കോടതിവിധികളുടെ അന്തഃസത്ത ഇത്തരുണത്തിൽ തിരിച്ചറിയുന്നതു നല്ലതാണ്.

പ്രസിദ്ധമായ അഹമ്മദാബാദ് സെന്റ് സേവ്യേഴ്സ് കോളേജ് കേസിൽ ഭൂരിപക്ഷബെഞ്ചിന്റെ വിധി തീർപ്പെഴുതിയ ജഡ്ജിമാരിൽ ഒരാളായിരുന്ന ജസ്റ്റീസ് ഖന്നയുടെ വിധിവാചകം ന്യൂനപ

ശേഷം പേജ് 5

# തള്ളിപ്പറഞ്ഞാലും തേടിവരുന്ന നാഥൻ



പ്രൊഫ. എം.വൈ. യോഹന്നാൻ

ഒരിക്കൽ സുപ്രസിദ്ധ സാഹിത്യകാരനായ ല്യൂവാലസ് ഒരു ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. എതിരെ നിരീശ്വരചിന്തകനായ റോബർട്ട് ഇംഗർസോൾ ഇരിക്കുന്നുണ്ടായിരുന്നു. പരസ്പരം കേട്ടറിവുണ്ടായിരുന്നെങ്കിലും ആദ്യമായി പരിചയപ്പെടുകയായിരുന്നു.

ഇംഗർസോൾ സംഭാഷണമദ്ധ്യേ ല്യൂവാലസിനോട് പറഞ്ഞു: " നിങ്ങൾ അനുഗൃഹീതനായ ഒരു സാഹിത്യകാരനല്ലേ? ക്രിസ്തുവിന്റെ അസ്തിത്വം നിഷേധിച്ചും ക്രിസ്തുവിന്റെ ഉപദേശങ്ങൾ അസംബന്ധമെന്ന് സ്ഥാപിച്ചും ക്രിസ്തുവിശ്വാസത്തെ അപലപിച്ചും ഒരു ഗ്രന്ഥമെഴുതരുതോ? അത് വിശ്വസാഹിത്യത്തിലെ ഒരു ക്ലാസ്സിക്കായിരിക്കും."

അന്നുമുതൽ ല്യൂ വാലസ് ഗവേഷണപഠനം ആരംഭിച്ചു. ഒട്ടേറെ വസ്തുതകൾ സമാഹരിച്ചു. ഒടുവിൽ ക്രിസ്തുവിനെ നിഷേധിച്ചും വിമർശിച്ചും ഒരു ഗ്രന്ഥം എഴുതാൻ ആരംഭിച്ചു. നാലു വർഷത്തെ നിസ്തന്ദ്രമായ യത്നവും പഠനവും കഴിഞ്ഞുള്ള ഉദ്യമം.

പെട്ടെന്നിതാ, അദ്ദേഹം കസേരയിൽ നിന്ന് എഴുന്നേറ്റു. താഴെ മുട്ടിന്മേൽ നിന്ന് അദ്ദേഹം വിതുമ്പിക്കൊണ്ട് പറഞ്ഞു:

"യേശുവേ, നിന്നെ നിഷേധിക്കാൻ ഞാൻ ശ്രമിക്കുന്തോറും നീ എനിക്ക് വളരെ യാഥാർത്ഥ്യമായി അനുഭവപ്പെടുന്നു. നിന്റെ ഉപദേശങ്ങൾ മിഥ്യയെന്ന് എഴുതാൻ ആരംഭിക്കുമ്പോൾ അവ സത്യമെന്നും തികച്ചും അനുഭവപരമെന്നും ഞാൻ അറിയുന്നു. നാഥാ, ഞാനിതാ എന്നെ നിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് സമർപ്പിക്കുന്നു."

അദ്ദേഹം എഴുതാനാരംഭിച്ച പുസ്തകമാണ് സുപ്രസിദ്ധമായ – 'ബെൻ-ഹർ.' (Ben-hur)

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ആയിരുന്ന സി.എസ്. ലൂയിസ് തുടക്കത്തിൽ ഒരു നിരീശ്വരനായിരുന്നു. നിരീശ്വരചിന്താഗതിയുടെ കടുത്ത എതിരാളി ക്രിസ്തു ആണെന്ന് മനസ്സിലാക്കിയ അദ്ദേഹം ക്രിസ്തുവിനെ വിലയിടിച്ചു കാണിക്കാൻ നിരൂപണബുദ്ധ്യാ വേദപുസ്തകം പഠിച്ചു. പഠനത്തിന്റെ ഒടുവിൽ അദ്ദേഹം പറഞ്ഞു.

"ഒന്നുകിൽ ക്രിസ്തു ഒരു കള്ളനോ ഭ്രാന്തനോ ആണ്. അല്ലെങ്കിൽ ക്രിസ്തു ദൈവമാണ്." അദ്ദേഹം ക്രിസ്തുവിനെ ദൈവമായി സ്വീകരിച്ചുകൊണ്ട് ശിഷ്ടായുസ്സ് ക്രിസ്തുവിന്റെ സാക്ഷിയായി ജീവിച്ചു.

"അവൻ യെരൂശലേമിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി: ഇവൻ ആർ എന്ന് പറഞ്ഞു." (മത്തായി 21:10)

"ഇവൻ ആർ?" എന്ന ചോദ്യത്തിന് പലരും പല മറുപടികളും കണ്ടുപിടിച്ചിട്ടുണ്ട്.

ശ്രീബുദ്ധനെപ്പോലെയോ മുഹമ്മദ് നബിയെപ്പോലെയോ കൺഫ്യൂഷ്യസിനെപ്പോലെയോ ഒരു മതസ്ഥാപകനായി യേശുവിനെ കാണുന്നവരുണ്ട്.

ഒരു സാമൂഹിക പരിഷ്കർത്താവോ വിപ്ലവകാരിയോ ആയി യേശുവിനെക്കുറിച്ച് ചിന്തിക്കുന്നവരുണ്ട്.


ഒരു നല്ല ഉപദേഷ്ടാവോ ഒരു തത്വചിന്തകനോ എന്ന് യേശുവിനെ വിളിക്കുന്നവരുണ്ട്. ഒരു ഗാനം പോലും എഴുതാത്ത യേശുവിനെക്കുറിച്ച് ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ ഗാനങ്ങൾ ആലപിക്കപ്പെടുന്നു!

ഒരു പുസ്തകംപോലും എഴുതാത്ത യേശുവിനെക്കുറിച്ച് എത്രയെത്ര ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു!

ഇവൻ ആരാണ്? ഈ അത്ഭുത പുരുഷൻ ആരാണ്?

ആരും ഒരിക്കലും ജനിക്കാത്തതുപോലെ ജനിച്ചവൻ! ആരും ഒരിക്കലും പ്രവർത്തിക്കാത്തതുപോലെ പ്രവർത്തിച്ചവൻ! ആരും ഒരിക്കലും സംസാരിക്കാത്തതുപോലെ സംസാരിച്ചവൻ! ആരും ഒരിക്കലും കയറാത്ത കഴുതമേൽ വാഹനമേറി എഴുന്നള്ളിയവൻ!

ആരും ഒരിക്കലും വിസ്തരിക്കപ്പെടാത്തതുപോലെ വിസ്തരിക്കപ്പെട്ടവൻ! ആരും ഒരിക്കലും വിധിക്കപ്പെടാത്തതുപോലെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവൻ!




ആരും ഒരിക്കലും മരിക്കാത്തതുപോലെ മരിച്ചവൻ! ആരും ഒരിക്കലും വയ്ക്കപ്പെടാത്ത കല്ലറയിൽ വയ്ക്കപ്പെട്ടവൻ! ആരും ഒരിക്കലും ഉയിർത്തെഴുന്നേല്ക്കാത്തതുപോലെ ഉയിർത്തെഴുന്നേറ്റവൻ!

ആരും ഒരിക്കലും കരേറിപ്പോയിട്ടില്ലാത്ത സ്വർഗ്ഗത്തിലേക്ക് കരേറിപ്പോയവൻ! ആരും ഒരിക്കലും നിനച്ചിരിയാത്ത നാഴികയിൽ തിരികെ വരുന്നവൻ!

യുഗങ്ങളുടെ അത്ഭുത പുരുഷനത്രേ കർത്താവായ യേശുക്രിസ്തു. നിത്യതയുടെ രാജാധിരാജനാണവൻ. പാപിയുടെ രക്ഷയ്ക്കായി തന്റെ കുറ്റമില്ലാത്ത രക്തം ചിന്തിയ അരുമ രക്ഷകനാണവൻ.

ഇവൻ ആർ?


ഒരു കുഗ്രാമത്തിൽ അപരിഷ്കൃതവും സാധുവുമായ ഒരു കൃഷീവലകന്യകയുടെ മകനായി അവൻ പിറന്നു. മറ്റൊരു ഗ്രാമത്തിൽ വളർന്നു.

മുപ്പതു വയസ്സുവരെ ഒരു മരപ്പണിപ്പുരയിൽ വേല ചെയ്തു. അടുത്ത മൂന്നര വർഷം ദൈവത്തെ വെളിപ്പെടുത്തിയും ദൈവരാജ്യം പ്രസംഗിച്ചും സഞ്ചരിച്ചു.

സ്വന്തമായൊന്നും ഉണ്ടായിരുന്നില്ല. ജന്മസ്ഥലത്തു നിന്നും ഇരുനൂറു മൈലിലേറെ സഞ്ചരിച്ചില്ല. ഭൗതിക മാഹാത്മ്യത്തിനുതകുന്നതൊന്നും പ്രവർത്തിച്ചില്ല.

മുപ്പതാമത്തെ വയസ്സിൽ പൊതുജനാഭിപ്രായം തീർത്തും എതിരായി ഉയർന്നുവന്നു. എതിരാളികൾ പിടികൂടുകയും പരിഹാസ്യമായ വിസ്താരത്തിനു ശേഷം ക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു. രണ്ടു കള്ളന്മാരുടെ മദ്ധ്യത്തിൽ ക്രൂശിക്കപ്പെട്ടു. മരിച്ചപ്പോൾ കടം കൊണ്ട ഒരു കല്ലറയിൽ അടക്കപ്പെട്ടു.

രണ്ടായിരത്തിലേറെ വർഷങ്ങൾ കടന്നുപോയി. ഇന്നവൻ മനാവരാശിയുടെ കേന്ദ്രബിന്ദുവും മനുഷ്യവംശത്തിന്റെ പുരോഗതിയുടെ നായകനുമത്രേ.



അവന്റെ നിസ്തുല ജീവിതം സ്വാധീനിച്ചിട്ടുള്ളിടത്തോളം നാളിതുവരെ മുന്നേറിയിട്ടുള്ള കാലാൾപ്പടയോ നാവിക – വ്യോമസേനകളോ ഭരണകർത്താക്കളോ മഹദ്വ്യക്തികളോ മനുഷ്യജീവിതത്തെ സ്വാധീനം ചെയ്തിട്ടില്ല.

"പാപമോചനവും നൽകുന്ന ഇവൻ ആര്?" (ലൂക്കോസ് 7:49)

ഗലീലാ ജില്ലയിലെ നയീൻ പട്ടണത്തിൽ പരീശനായ ശീമോന്റെ ഭവനത്തിൽ യേശുവിനെയും ശിഷ്യന്മാരെയും വിരുന്നിന് ക്ഷണിച്ചിരുന്നു. സൽക്കാരം നടക്കുന്ന ശാലയുടെ വാതിൽക്കൽ ഒരാളിതാ ബദ്ധപ്പെട്ട് ഓടിയെത്തുന്നു. ഏഴു ഭൂതങ്ങൾ ബാധിച്ചിരുന്ന മഗ്ദലനമറിയമാണത്. പട്ടണത്തിലേക്കും പാപിനിയായ സ്ത്രീ എന്നാണ് തിരുവചനം അവളെക്കുറിച്ച് പറയുന്നത്. അവളുടെ ജീവിതം അശുദ്ധിക്കും വ്യഭിചാരത്തിനും അടിമപ്പെട്ടിരുന്നതുകൊണ്ട് അവളെ ഏഴു ഭൂതങ്ങൾ ബാധിച്ചിരുന്നു.

ക്രിസ്തു വിരുന്നിനിരിക്കുന്നിടത്ത് അവൾ പിന്നിൽ നിന്നുകൊണ്ട് കരഞ്ഞു. ഏങ്ങലടിച്ചുകൊണ്ട് അവൾ തന്റെ പാപങ്ങൾ ഏറ്റുപറയാൻ തുടങ്ങി. അഗാധമായ അനുതാപവും ഉള്ളു നിറഞ്ഞ പശ്ചാത്താപവും കൊണ്ട് അവൾ ഉച്ചത്തിൽ കരയാൻ തുടങ്ങി. അവളുടെ കണ്ണുനീർ ചാലുകളായി ഒഴുകി, ക്രിസ്തുവിന്റെ പാദം കഴുകി.

ക്രിസ്തു അവളിൽ മനസ്സലിഞ്ഞു. ക്രിസ്തു പറഞ്ഞു:

"നിന്റെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു."

ഇന്നും അനുതാപത്തോടെ ക്രിസ്തുവിന്റെ പാദപീഠത്തിലെത്തുന്നവർക്ക് പാപമോചനം ലഭിക്കുന്നു. തിരുവചനം പറയുന്നു: "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞുപേക്ഷിക്കുന്നവനോ കരുണ ലഭിക്കും." (സദൃശവാക്യങ്ങൾ 28:13)

"യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു." (1 യോഹന്നാൻ 1:7).

# കെഇആർ ഭേദഗതിയും ന്യൂനപക്ഷ അവകാശങ്ങളും

4-ാം പേജ് തുടർച്ച

ക്ഷസംരക്ഷണ വ്യവസ്ഥയുടെ പശ്ചാത്തലവും ആവശ്യകതയും വ്യക്തമാക്കുന്നുണ്ട്. ന്യൂനപക്ഷങ്ങളുടെ അവകാശസംരക്ഷണത്തിന്റെ കാര്യത്തിൽ അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വിശാലവും ഉദാരവും സഹാനുഭൂതി നിറഞ്ഞതുമായ ഒരു സമീപനമാണ് ഭരണഘടനയിൽ പ്രതിഫലിക്കുന്നത്. ഈ കാര്യത്തിൽ കഴിഞ്ഞ കാലത്തു ന്യൂനപക്ഷങ്ങളിലെ ജാഗ്രതയുള്ള വിഭാഗങ്ങൾ ഇത്തരം ശ്രമങ്ങളെ ചെറുത്തുനിന്നിട്ടുണ്ട്. ഇതിന്റെ ഫലമായി തർക്കങ്ങളുണ്ടാവുകയും അവ ഈ കോടതിയുടെ മുമ്പാകെ വരികയും ചെയ്തു. കുറ്റമാരോപിക്കുന്ന വിഷയങ്ങൾ ഭരണഘടനയുടെ 29 ഉം 30 ഉം വകുപ്പുകളിൽ ഉൾപ്പെടുന്ന വ്യവസ്ഥകളെ ലംഘിക്കുന്നുവോ എന്നു തീരുമാനിക്കാനായിരുന്നു ഇത്. (St. Xaviers College, Ahmedabad (V) State of Gujarat P.104). സ്വാതന്ത്ര്യവും അവകാശവും സംരക്ഷിക്കാൻ ന്യൂനപക്ഷങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്ന ജാഗ്രതയെയാണ് അദ്ദേഹം എടുത്തുപറയുന്നത്. വിദ്യാഭ്യാസരംഗത്തു നടക്കുന്ന അവകാശനിഷേധത്തിന്റെ ഗൗരവം ബന്ധപ്പെട്ടവർ ഇനിയും പൂർണമായും ഉൾക്കൊണ്ടിട്ടില്ല.

വിദ്യാഭ്യാസരംഗത്തെ അവകാശസംരക്ഷണം മതന്യൂനപക്ഷങ്ങളുടെ നിലനില്പിന് അടിസ്ഥാനമാണെന്നു മനസിലാക്കി ഭരണഘടനയിൽ ആവശ്യമായ വ്യവസ്ഥ ചെയ്തവരുടെ ദർശനങ്ങൾ ഉൾക്കൊള്ളാൻ പലർക്കും കഴിയുന്നില്ല. ഈ ജാഗ്രതക്കുറവു മൂലമാണു മതവിശ്വാസത്തെ തടസപ്പെടുത്തുന്ന പാഠപുസ്തകങ്ങളിലെ പ്രമേയങ്ങളെയും പഠനസംബന്ധമായ പ്രവർത്തനങ്ങളെയും ന്യൂനപക്ഷ അവകാശങ്ങളുള്ളവർ പോലും നിസംഗതയോടെ സമീപിക്കുന്നത്.

സുപ്രീംകോടതി എന്തുകൊണ്ടാണു ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുകയും അവരോട് അനുഭാവപൂർണമായ നിലപാടുകൾ എടുക്കുകയും ചെയ്യുന്നതെന്നു പ്രസ്തുത വിധി പ്രസ്താവത്തിൽ ജസ്റ്റീസ് ഖന്ന രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെ: ആ വകുപ്പുകളിൽ അടങ്ങുന്ന ന്യൂനപക്ഷ അവകാശങ്ങളുടെ വിസ്തൃതിയും വ്യാപ്തിയും പരിമിതപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ ന്യൂനപക്ഷങ്ങളെ യാതൊന്നും ബലഹീനപ്പെടുത്തുന്നില്ലെന്നും ന്യൂനപക്ഷാവകാശങ്ങൾ പ്രതിപാദിക്കുന്ന ഭരണഘടന വ്യവസ്ഥകളുടെ വിസ്തൃതിയും വ്യാപ്തിയും പരിമിതപ്പെടുത്തുന്നില്ലെന്നും ഉറപ്പുവരുത്തുന്നതിനായിരുന്നു ഈ വിശാല സമീപനം.

കോടതികൾ ന്യൂനപക്ഷ അവകാശങ്ങളെ സംരക്ഷിക്കുന്നതിന് സഹായകമായ നിലപാടാണു സ്വീകരിച്ചിട്ടുള്ളതെന്ന് അദ്ദേഹം അഭിമാനപൂർവം പ്രസ്താവിക്കുകയാണിവിടെ.

ന്യൂനപക്ഷാവകാശങ്ങളോടു ബന്ധപ്പെട്ട വ്യവസ്ഥകൾ എഴുതിച്ചേർക്കുന്നതിനു കാരണമായ വീക്ഷണ വിശാലതയുള്ള ഈ സമീപനം സങ്കുചിത നിയമവ്യാഖ്യാനങ്ങളിലൂടെ നശിപ്പിക്കപ്പെടരുത് എന്ന തത്ത്വമാണു കോടതിയുടെ വിവിധ തീരുമാനങ്ങളിലൂടെ വ്യക്തമാക്കുന്നത്.

ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വകുപ്പുകളും പിൽക്കാലത്ത് രാജ്യത്തെ വിവിധ നീതിന്യായ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള വിധി ന്യായങ്ങളും വ്യക്തമാക്കുന്നത് മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസാവകാശങ്ങൾ മതസ്വാതന്ത്ര്യം പോലെ അലംഘനീയമാണെന്നു തന്നെയാണ്. ഇതിൽ ഏർപ്പെടുത്തുന്ന ഏതു നിയന്ത്രണവും മതസ്വാതന്ത്ര്യത്തിലുള്ള കൈയേറ്റം പോലെ അപകടകരവും ദേശീയ ഐക്യത്തിന് ഹാനികരവുമാണ്. വ്യക്തികളുടെയും ന്യൂനപക്ഷങ്ങളുടെയും അവകാശ സംരക്ഷണത്തിൽ പുലർത്തുന്ന ജാഗ്രതയാണ് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ സാക്ഷ്യം. മതന്യൂനപക്ഷ സമുദായാംഗങ്ങളുടെ മൗലികവാകാശത്തിന്റെ സംരക്ഷണതത്വമായ ന്യൂനപക്ഷാവകാശം എടുത്തുകളയുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് ഈശ്വരനിഷേധികളാവും.

കേരളം ഇന്നഭിമാനിക്കുന്ന സാക്ഷരതയിലേക്കു സംസ്ഥാനത്തെ ഉയർത്തിയതിൽ ക്രൈസ്തവ സ്ഥാപനങ്ങളുടെ പങ്ക് നിഷേധിക്കാനാവാത്തതാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ സർക്കാർ സ്ഥാപനങ്ങൾ അവർണർക്കു പ്രവേശനം നിഷേധിച്ചിരുന്ന കാലത്ത് അടിച്ചമർത്തപ്പെടുകയും നീതി നിഷേധിക്കപ്പെടുകയും ചെയ്തവർക്കു വേണ്ടി വിദ്യാഭ്യാസസൗകര്യങ്ങൾ ഒരുക്കിക്കൊടുത്തത് ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. സർക്കാരോ ഇതര സന്നദ്ധ സംഘടനകളോ കടന്നു ചെല്ലുവാൻ മടിച്ചുനിന്ന മലയോരങ്ങളിലും കുഗ്രാമങ്ങളിലും കുടിയേറ്റ പ്രദേശങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിച്ചതും ന്യൂനപക്ഷസമുദായങ്ങളാണ്. വനിതാ വിദ്യാലയങ്ങൾ തുടങ്ങിവച്ചതും ക്രൈസ്തവനേതൃത്വത്തിലാണ്.

ഇങ്ങനെ സംസ്ഥാനത്തിന്റെ മുന്നേറ്റത്തിന്റെ എല്ലാ കാലഘട്ടങ്ങളിലും എക്കാലവും സഹകാരികളായിരുന്ന ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളിൽ സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ ഭരണഘടനാവിരുദ്ധവും അധാർമികവുമാണ് എന്നു മനസിലാക്കി പിൻവലിക്കാനുള്ള വിശാല കാഴ്ചപ്പാട് സർക്കാരിന് ഉണ്ടാകണം.

ഒലിവ് വേ ടൂഴ്സിന്റെ ആഭിമുഖ്യത്തിൽ

# കേരളത്തിലെ പൗരാണിക ജൂത, ക്രൈസ്തവ ചരിത്രസ്മാരകങ്ങളിലേക്ക് ഒരു പഠനയാത്ര



ക്രൈസ്തവമാർഗ്ഗം കേരളത്തിൽ എത്തിയതുമായി ബന്ധപ്പെട്ട ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന

## വിശുദ്ധ തോമാസ്ലീഹായുടെ കാൽചുവടുകളിലൂടെ ഒരു പഠനയാത്ര

**6 രാത്രികൾ 7 പകലുകൾ**

വിശുദ്ധ തോമാശ്ലീഹാ സ്ഥാപിച്ചതെന്ന് കരുതപ്പെടുന്ന ഏഴര പള്ളികളായ

**മാല്യങ്കര, പാലയൂർ, കോക്കമംഗലം, കോട്ടക്കാവ്, നിരണം, കൊല്ലം, നിലയ്ക്കൽ, തിരുവിതാംകോട് എന്നിവിടങ്ങൾ സന്ദർശിക്കുന്നു...**



ചരിത്രം തുടിക്കുന്ന പുരാതനകാലത്തെ പ്രമുഖ വാണിജ്യ കേന്ദ്രമായിരുന്ന മുസീരിസ് പട്ടണവും ആദ്യമായി ഇന്ത്യയിൽ ക്രിസ്തീയ മാർഗ്ഗവുമായി വിശുദ്ധതോമാസ്ലീഹാ വന്നിറങ്ങിയ അഴീക്കോട് തുറമുഖവും പാലിയം കൊട്ടാരവും മുസീരിസിലേക്കുള്ള പുരാതന ജലപാതയുമെല്ലാം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കേയറ്റമായ കൊച്ചുകേരളത്തിലെ മൺമറഞ്ഞുപോയ പുരാതന തുറമുഖമായിരുന്നു മുസീരിസ്. അവിടെ നടത്തിയ ഉൽഖനനങ്ങൾ അതിന്റെ പണ്ടത്തെ പ്രതാപത്തെയും സംസ്കാരത്തെയും സംബന്ധിക്കുന്ന ചരിത്രത്തിന്റെ നുറുങ്ങുകൾ സ്ഥലനാമങ്ങളും ശില്പവിദ്യകളും രുചിക്കൂട്ടുകളുമെല്ലാമായി നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നു. ഈ പഠന യാത്രയിലൂടെ അവ നേരിട്ട് അനുഭവിച്ചറിയുന്നതിന് അവസരം ഒരുക്കുന്നു.

### സുഗന്ധവ്യഞ്ജന പാത

പ്രാചീനകാലം മുതലേ പാശ്ചാത്യർ സുഗന്ധവ്യഞ്ജനങ്ങൾ വാങ്ങുന്നതിനായി പതിനായിരക്കണക്കിന് മൈലുകൾക്കപ്പുറത്തുനിന്നും പായ്ക്കപ്പലുകളിൽ നമ്മുടെ മലബാറിന്റെ മണ്ണിലേക്ക് സ്ഥിരമായി യാത്രചെയ്തിരുന്നു. സ്പൈസ് റൂട്ട് എന്ന് അറിയപ്പെടുന്ന ഈ സഞ്ചാര പഥത്തിലൂടെ ഏലവും കുരുമുളകും ചുക്കും മറ്റ് സുഗന്ധവർഗ്ഗങ്ങളും യൂറോപ്പിലെ അനേകം രാജ്യങ്ങളിലേക്ക് കപ്പലുകളിൽ കയറ്റിക്കൊണ്ടുപോയിരുന്നു. പകരമായി അവർ നമുക്ക് വിശേഷവസ്തുക്കളും പൊന്നും വെള്ളിയുമെല്ലാം നല്കിയിരുന്നു. പുരാവസ്തുവകുപ്പിന്റെ ഉൽഖനനങ്ങളിൽ കണ്ടെടുത്ത റോമൻ നാണയങ്ങളും മറ്റും അത് വ്യക്തമാക്കുന്നു.

ഏതാണ്ട് മുപ്പത്തിയൊന്ന് യുറോപ്യൻ രാജ്യങ്ങളുമായി നമ്മുടെ കൊച്ചുകേരളത്തിന് വാണിജ്യബന്ധം ഉണ്ടായിരുന്നുവെന്നാണ് പഠനങ്ങൾ പറയുന്നത്. മുസീരീസ്, ഫോർട്ടുകൊച്ചി, കോഴിക്കോട്, കൊല്ലം മുതലായ തുറമുഖങ്ങളിലൂടെ നമ്മുടെ നാട്ടിലെത്തിയ വിദേശികളും അവരുടെ സംസ്കാരങ്ങളും നമ്മുടെ നാടിന് ഉണ്ടാക്കിയ സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ മണ്ഡലങ്ങളിലെ മാറ്റങ്ങളും പുരോഗതികളും അവർണ്ണനീയമാണ്. സംഘകാലത്തെ എഴുത്തുകളിൽ പറയുന്നത്, റോമൻ കപ്പലുകൾ നിറയെ സ്വർണ്ണവുമായി മുസീരിസ് തുറമുഖത്ത് കാത്തു കിടന്നിരുന്നുവെന്നാണ്. അവർ നമ്മുടെ കുരുമുളകിന് പകരമായി സ്വർണ്ണമാണത്രേ നല്കിയിരുന്നത്. എ.ഡി. ഒന്നാം നൂറ്റാണ്ടിലെ ചരിത്രകാരനായിരുന്ന പ്ലിനിയുടെ വിവരണം അനുസരിച്ച്, കാലവർഷക്കാറ്റിന്റെ ഗതി അനുകൂലമായിരിക്കുമ്പോൾ യാത്രചെയ്താൽ ഈജിപ്റ്റിന്റെ ഭാഗത്തുള്ള ചെങ്കടലിൽനിന്ന് കൃത്യം പതിനാല് ദിവസം മതി മുസീരിസിൽ എത്താൻ എന്ന് വ്യക്തമാകുന്നുണ്ട്.

ദൗർഭാഗ്യകരമെന്ന് പറയട്ടെ, എ.ഡി. 1341-ൽ ഉണ്ടായ പ്രകൃതിക്ഷോഭങ്ങളും, പെരിയാർ നദി ഗതിമാറിയൊഴുകത്തക്കവിധത്തിലുണ്ടായ ഭൂകമ്പവും ജലപ്രളയവും മറ്റും നിമിത്തമാകാം മുസീരിസ് പട്ടണം ഭൂപടത്തിൽ നിന്ന് അപ്രത്യക്ഷമായി.

എങ്കിലും ആ നഗരത്തിന്റെ പോയകാല പ്രതാപത്തിന്റെ സ്മരണ ഉണർത്തുന്ന അവശിഷ്ടങ്ങൾ ഇപ്പോഴും ആ പ്രദേശമെങ്ങും ദൃശ്യമാണ്. മുസീരിസ് പൈതൃക സംരക്ഷണ പദ്ധതി എന്ന പേരിൽ ഇന്ത്യയിലെതന്നെ ഏറ്റവും വലിയ പുരാവസ്തു സംരക്ഷണ പദ്ധതികളിലൊന്നായി അത് വരുംതലമുറയ്ക്ക് നഷ്ടമാകാതെ സൂക്ഷിക്കാൻ സർക്കാർ മുൻകൈയെടുത്തിരിക്കുന്നു. 21 സംരക്ഷിതമേഖലകളും മ്യൂസിയങ്ങളും വഴി കേരളത്തിന്റെ രണ്ടായിരം വർഷത്തെ ചരിത്രത്തിലേക്ക് വെളിച്ചംവീശുന്നവയാണ് ഈ പദ്ധതി.

1498-ൽ വാസ്കോഡിഗാമയുടെ നേതൃത്വത്തിൽ കേരളത്തിലെത്തിയ പോർച്ചുഗീസുകാർ കേരളക്കരയെ തങ്ങളുടെ കോളനിയാക്കിയതും പിന്നീട് നടന്ന യുദ്ധങ്ങളും ചെറുത്തുനില്പുമെല്ലാം നമ്മുടെ നാടിന്റെ പില്ക്കാല വീരചരിതങ്ങളാണ്.



### പട്ടണം

പ്രാചീനസംസ്കാരത്തെയും നാഗരികതയെയും വിലയിരുത്തുവാൻ ഉതകുന്ന കൗതുകകരമായ വിലപ്പെട്ട വിവരങ്ങൾ കേരളത്തിൽനിന്ന് ഇദംപ്രഥമമായി ലഭിക്കുന്ന സ്ഥലമാണ് പട്ടണം എന്നറിയപ്പെടുന്ന മുസീരിസ്. അവിടെ ജീവിച്ചിരുന്ന ജനസമൂഹം മിക്കവാറും റോമാക്കാരോ റോമാക്കാരുമായി ഇടകലർന്ന ഇന്ത്യാക്കാരായ ആളുകളോ ആണെന്നതിന്റെ സൂചനകൾ ഉണ്ട്. ഒരുപക്ഷേ അവർ റോമാക്കാരായ വണിക്കുകൾ തങ്ങിയിരുന്ന സ്ഥാനമായിരിക്കാം എന്ന് കരുതുന്നവരുമുണ്ട്.

### പറവൂർ ചന്തയും ജൂതപ്പള്ളിയും

റോമാക്കാർ യരൂശലേം ദേവാലയവും നഗരവും നശിപ്പിച്ചതോടെ യഹൂദന്മാർ യിസ്രായേലിൽനിന്ന് പലായനം ചെയ്തു. അവരിൽ ചിലർ കേരളത്തിലെ പറവൂരിലും എത്തിച്ചേർന്നു. പറവൂർ ചന്തയ്ക്ക് തൊട്ടടുത്തായി അവർ തങ്ങൾക്ക് ആരാധനയ്ക്കായി ഒരു സിനഗോഗ് പണിതു.




### ചേരമാൻ പറമ്പ്

ക്രിസ്തുവർഷം ഒമ്പത്, പത്ത് പതിനൊന്ന് നൂറ്റാണ്ടുകളിൽ കേരളം ഭരിച്ച ചേര രാജവംശത്തിൽപ്പെട്ട ചേരമാൻ പെരുമാൾമാരുടെ ആസ്ഥാനമായി കണക്കാക്കപ്പെടുന്ന സ്ഥലമാണ് ചേരമാൻപറമ്പ്.

ബി.സി. 961-ൽ യരൂശലേമിലെ രാജാവായിരുന്ന സോളമൻ ദേവാലയം പണിയുന്ന കാലത്തുതന്നെ അറബിക്കടലിന് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഇന്ത്യയുടെ തെക്കുപടിഞ്ഞാറ് തീരത്തുള്ള കേരളവുമായി യഹൂദന്മാർക്ക് വാണിജ്യബന്ധം ഉണ്ടായിരുന്നു. കേരളത്തിലെ ആദ്യത്തെ ജൂതകുടിയേറ്റം കൊച്ചിയിൽനിന്ന് 35 കിലോമീറ്റർ വടക്കായി സ്ഥിതിചെയ്യുന്ന കൊടുങ്ങല്ലൂരിലായിരുന്നു. പ്രാചീനകാലത്ത് കൊടുങ്ങല്ലൂർ പല പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. ഷിംഗ്ലി എന്ന് യഹൂദന്മാർ വിളിച്ചപ്പോൾ മുസ്സീരീസ് എന്നാണ് ഗ്രീക്കുകാർ വിളിച്ചിരുന്നത്. ക്രാങ്ങന്നൂർ എന്നാണ് പോർച്ചുഗീസുകാർ ഇട്ട പേര്. ബി.സി. 1000-ൽ വിദേശികൾക്ക് അറിയാമായിരുന്ന ഇന്ത്യയിലെ ഏക തുറമുഖം കൊടുങ്ങല്ലൂർ ആയിരുന്നു.

ഇന്നേയ്ക്ക് ഏകദേശം മൂവായിരം വർഷം മുമ്പുതന്നെ പലസ്തീനുമായി കേരളത്തിന് വാണിജ്യബന്ധം ഉണ്ടായിരുന്നു. വ്യാപാരത്തിനായി കൊടുങ്ങല്ലൂരിൽ എത്തിയ ജൂതന്മാർ പലരും പ്രതികൂല കാലാവസ്ഥ നിമിത്തം തങ്ങളുടെ നാട്ടിലേക്ക് മടങ്ങാൻ സാധിക്കാതെവന്നതിനാൽ ഇവിടെത്തന്നെ താമസമാക്കി.

യരൂശലേമിലെ രണ്ടാമത്തെ ദേവാലയം നശിപ്പിക്കപ്പെട്ട കാലഘട്ടത്തിൽ അവിടെയുണ്ടായിരുന്ന ജൂതന്മാർ കൊടുങ്ങല്ലൂരിലെ ജനങ്ങളുടെ സഹിഷ്ണുതയും ഹൃദയവിശാലതയും കാരുണ്യവും സംബന്ധിച്ച് തങ്ങളുടെ സഹോദരന്മാരിൽനിന്ന് കേട്ടിരുന്നതുകൊണ്ട് ഈ നാട്ടിലേക്ക് വരുന്നതിന് താല്പര്യപ്പെട്ടു. അക്കാലത്ത് ഇന്നാട്ടിലെ ഹൈന്ദവരായ ഭരണാധികാരികളും കൊടുങ്ങല്ലൂരിലെ ജനങ്ങളും അവരെ സന്തോഷപൂർവ്വം എതിരേറ്റ് അവർക്ക് പാർക്കുവാൻ ഇടവും ആവശ്യമായ കൈത്താങ്ങലും സുരക്ഷയും നല്കുകയും ചെയ്തു.

കേരളത്തിൽ ആദ്യമായി ജൂതന്മാർ എത്തിച്ചേർന്നത് സോളമൻരാജാവിന്റെ കച്ചവടക്കപ്പലുകളിലാണ് എന്നത്രേ ചരിത്രം. പിന്നീട് എ.ഡി. 52-ൽ തോമാസ്ലീഹാ കേരളത്തിൽ വന്നെത്തിയപ്പോൾ ജൂതകോളനിയിലാണ് താമസിച്ചത്. ഒരു യഹൂദബാലിക



വീണ വായിച്ചുകൊണ്ടാണ് തോമാസ്ലീഹായെ വരവേറ്റത് എന്ന് ഐതീഹ്യം പറയുന്നു. കൗതുകകരമായ ഒരു വസ്തുത, ഇപ്പോഴും ഇസ്രായേലിൽ ജൂതന്മാർ തങ്ങളുടെ മതപരമായ വിശേഷദിവസങ്ങളിൽ സിനഗോഗിൽ ആലപിക്കുന്ന സംഗീതങ്ങളിൽ ചിലതിന് ഷിംഗ്ലി മെലഡീസ് എന്നാണ് പേര്. കൊടുങ്ങല്ലൂരുമായി യഹൂദന്മാർക്കുള്ള വൈകാരിക ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്ന മറ്റൊരു സംഗതി, അവർ തങ്ങളുടെ പ്രിയപ്പെട്ടവരുടെ മൃതശരീരം അടക്കം ചെയ്യുന്നവേളയിൽ വിശുദ്ധനാട്ടിലെ മണ്ണിനോടൊപ്പം ഒരുപിടി ഷിംഗ്ലി മണൽ കൂടെ ഓരോ യഹൂദന്റെയും ശവപ്പെട്ടിയിൽ നിക്ഷേപിക്കാറുണ്ട് എന്നതാണ്.

ചുക്ക്, കുരുമുളക്, ജാതി, ഏലം, ഗ്രാമ്പൂ, കറുവാപ്പട്ട, മഞ്ഞൾ മുതലായ സുഗന്ധദ്രവ്യങ്ങൾ വാങ്ങുന്നതിനായി പണ്ടുമുതലേ യഹൂദന്മാർ കടൽകടന്ന് കേരളത്തിലെത്തിയിരുന്നു. എന്നാൽ എ.ഡി. 1948-ൽ തങ്ങൾക്ക് സ്വന്തമായി രാഷ്ട്രം ഉണ്ടായതോടെ അവരിൽ ഏറിയപങ്കും മടങ്ങിപ്പോയി. ഇപ്പോൾ നമ്മുടെ നാട്ടിൽ അവരുടെ സംഖ്യ തുലോം കുറവാണ്. കേരളത്തിലെ ജൂതപ്പള്ളികൾ കേരളീയ ശൈലിയും സുമേരിയൻ ശില്പവിദ്യയും ചേർന്നുള്ള സങ്കരമായ നിർമ്മിതികളാണ്.

യഹൂദന്മാരുടെ സുഖദുഃഖങ്ങളുടെയും, നേട്ടങ്ങളുടെയും, കോട്ടങ്ങളുടെയുമെല്ലാം ചരിത്രം ഉറങ്ങുന്ന നാടാണ് കേരളം. വ്യാപാര, വ്യവസായ, സാമ്പത്തിക, മേഖലകളിലെല്ലാം നമ്മുടെ നാടിന് യഹൂദൻ നല്കിയ സംഭാവനകൾ വളരെ വലുതാണ്. നാണയ ക്രയവിക്രയ സമ്പ്രദായവും ബാങ്കിങ് സമ്പ്രദായവും അവരുടെ സംഭാവനകളാണ്.

യഹൂദന്മാർ കേരളത്തിൽനിന്ന്കൂട്ടമായി ഇസ്രായേലിലേക്ക് ചേക്കേറുവാൻ കാരണം നമ്മുടെ അവരോടുള്ള സമീപനത്തിലെ പ്രശ്നങ്ങളോ, രാഷ്ട്രീയമായ അസഹിഷ്ണുതയോ ഒന്നുമല്ല; മറിച്ച്, അവർക്ക് തങ്ങളുടെ സ്വന്തം രാജ്യം മടക്കിക്കിട്ടിയതിലെ സന്തോഷം നിമിത്തം പോയെന്നുമാത്രം. തങ്ങളുടെ സ്വദേശത്ത് ചെന്ന് താമസിക്കുന്നതിനും അവിടെത്തന്നെ മരിച്ച് അടക്കപ്പെടുന്നതിനുമുള്ള യഹൂദന്റെ വാഞ്ഛ തന്നെയാണ് അതിന് കാരണം.

കേരളത്തിൽ ഇപ്പോൾ അവശേഷിക്കുന്ന യഹൂദന്മാരിൽ എഴുപതിനുമേൽ പ്രായമുള്ളവർക്ക് ശാരീരിക അവശതകൾക്കുപുറമെ ഏകാന്തതയും അനുഭവപ്പെടുന്നുണ്ട്. തങ്ങളുടെ ബന്ധുമിത്രാദികൾ മിക്കവരും പലസ്തീനിലേക്ക് പോയിക്കഴിഞ്ഞു. എന്നിട്ടും തങ്ങൾ ജനിച്ചുവളർന്ന കേരളം വിട്ട് മടങ്ങാൻ കൂട്ടാക്കാതെ ഇപ്പോഴും അവർ ഇവിടെ തുടരുകയാണ്. അത്രമാത്രം വൈകാരികമായി അവർ നമ്മുടെ നാടിനോട് ഇഴുകിച്ചേർന്നിരിക്കുന്നു.

### പട്ടണം ഉൽഖനനം

പട്ടണം ഉൽഖനനമാണ് വിവിധ വകുപ്പുകൾ സംയുക്തമായി ചേർന്ന് കേരളത്തിൽ നടത്തിയ ആദ്യ പുരാവസ്തുഗവേഷണം. അതിലെ ഒന്നാം ഘട്ടം, ഈ പ്രദേശത്തിന്റെ ഉപരിതല സർവ്വേ നടത്തി പുരാവസ്തുശാസ്ത്രപരമായും ചരിത്രപരമായും ഇതിനുള്ള പ്രാധാന്യം വിലയിരുത്തുക എന്നതായിരുന്നു. അതിനുശേഷമാണ് പുരാതന നഗരമായ പട്ടണം എന്ന സ്ഥലത്ത് വിപുലമായ ഉൽഖനനങ്ങൾ ആരംഭിച്ചത്. ഈ ഖനനത്തിന്റെ ഉദ്ദേശം പ്രാചീനകാല ചരിത്ര ലിഖിതങ്ങളിൽ മലബാർ തീരത്ത് സ്ഥിതി ചെയ്തിരുന്നതായി പറഞ്ഞിരിക്കുന്ന മുസീരി എന്ന പട്ടണത്തിന്റെ സ്ഥാനം കണ്ടെത്തുക എന്നതായിരുന്നു.

ഉൽഖനനത്തിന്റെ ആദ്യഘട്ടം 2007 ഫെബ്രുവരി 18-ന് ആരംഭിച്ച് ഏപ്രിൽ 8 വരെ തുടർന്നു. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും സംസ്ഥാന ആർക്കിയോളജി, ടൂറിസം, റവന്യൂ ഡിപ്പാർട്ടുമെന്റുകളും സംയുക്തമായി കേരള ചരിത്രഗവേഷക കൗൺസിലിന്റെ നേതൃത്വത്തിൽ ഇതിൽ പങ്കെടുത്തു.

സുപ്രധാനമായ അനേകം പൗരാണിക വസ്തുക്കൾ ഒന്നാം ഘട്ടഉൽഖനനത്തിൽ ഇവിടെനിന്ന് കണ്ടെടുത്തിട്ടുണ്ട്. അക്കൂട്ടത്തിൽ മനുഷ്യാസ്ഥികൾ, ഭരണികൾ, ഒരു സ്വർണ്ണാഭരണം, പളുങ്കുമാലകൾ, കല്ലുമാലകൾ, കല്ലും ഇരിമ്പും ചെമ്പും കൊണ്ടു നിർമ്മിച്ച പണിയായുധങ്ങൾ, ഉപകരണങ്ങൾ, പുരാതന കളിമൺപാത്രങ്ങൾ, ചേരരാജ്യത്തിന്റെ മുദ്രയുള്ള പുരാതന നാണയങ്ങൾ, ഇഷ്ടിക ഉപയോഗിച്ച് നിർമ്മിച്ച ഭിത്തികൾ, ഇഷ്ടിക പാകിയ തറ, കിണർ, ഒരു തടിപ്പാലം, പാലത്തിന് സമാന്തരമായി രണ്ടര മീറ്റർ താഴ്ചയിൽ ആറ് മീറ്റർ നീളമുള്ള മരംകൊണ്ടുണ്ടാക്കിയ തോണി എന്നിവയെല്ലാം ലഭിച്ചു. ഇവയെല്ലാം സൂചിപ്പിക്കുന്നത് പ്രാചീനമായ ഒരു നാഗരികത ഇവിടെ സ്ഥിതിചെയ്തിരുന്നു എന്നതത്രേ. ഇരിമ്പുയുഗം എന്നറിയപ്പെടുന്ന കാലഘട്ടത്തിൽ ജീവിച്ചിരുന്ന ജനങ്ങളെപ്പറ്റിയും അവർക്കുശേഷം എത്തിച്ചേർന്ന റോമാക്കാരെപ്പറ്റിയും ഈ ഉൽഖനനങ്ങൾ നമുക്ക് വ്യക്തമായ സൂചന നല്കുന്നു.

### സവിശേഷതകൾ

- പ്രാചീന കാലത്തെ ചരിത്രമുറങ്ങുന്ന ക്രൈസ്തവ ദേവാലയങ്ങൾ, ജൂതപ്പള്ളികൾ
- പുരാവസ്തുവിഭാഗത്തിന്റെ ഉൽഖനനം നടക്കുന്ന പ്രദേശങ്ങൾ
- മനോഹരമായ ബീച്ചുകൾ മുതലായ അനേകം ഇടങ്ങൾ കാണുവാൻ അവസരം.
- കൂടാതെ, ബോട്ട് യാത്രകൾ, വനത്തിലൂടെയുള്ള ഉല്ലാസയാത്രകൾ മുതലായ മറ്റ് അനേകം സവാരികളും..
- ഡീലക്സ് ഹോട്ടലുകളിൽ താമസം.
- മൂന്ന് നേരവും ഭക്ഷണം.
- എല്ലാ യാത്രകൾക്കും സൈറ്റ് സീയിംഗിനും എയർകണ്ടീഷൻ ചെയ്ത വാഹനങ്ങൾ
- ഗൈഡിന്റെ സേവനം.



### ഏഴരപ്പള്ളികൾ

ക്രിസ്ത്വബ്ദം ഒന്നാം നൂറ്റാണ്ടിൽ ഭാരതത്തിലെത്തിയ അപ്പോസ്തലനായ തോമാസ് ദക്ഷിണേന്ത്യയുടെ പടിഞ്ഞാറേ തീരത്ത് സ്ഥാപിച്ച ക്രൈസ്തവ സഭകളെ സംബന്ധിച്ച് സൂചിപ്പിക്കുന്ന പദമാണ് ഏഴരപ്പള്ളികൾ. പാരമ്പര്യമനുസരിച്ച്, ഏ.ഡി. 50-നോട് അടുത്ത് വിശുദ്ധ തോമാസ്, ഇപ്പോൾ കേരളത്തിന്റെ ഭാഗമായ കൊടുങ്ങല്ലൂരിൽ എത്തുകയും, ഇപ്പോഴത്തെ കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലായി സ്ഥിതിചെയ്യുന്ന എട്ട് സ്ഥലങ്ങളിലും സമീപപ്രദേശങ്ങളിലും സുവിശേഷം അറിയിച്ച് സഭകൾ സ്ഥാപിച്ചുവെന്നും അവയിൽ പല സ്ഥലങ്ങളിലെയും പള്ളികൾ ജൂതകോളനികൾക്ക് സമീപം ആയിരുന്നുവെന്നുമാണ് വിശ്വസിക്കപ്പെടുന്നത്. മാല്യങ്കര(കൊടുങ്ങല്ലൂർ), കൊല്ലം, നിരണം, നിലയ്ക്കൽ (ചായൽ), കോക്കമംഗലം, കോട്ടക്കായൽ (കോട്ടക്കാവ് അഥവാ പറവൂർ), പാലയൂർ, തിരുവിതാംകോട് (കന്യാകുമാരി) എന്നിവയാണത്. കോട്ടക്കാവ് എന്ന സ്ഥലത്തെ പള്ളിയാണ് ഇതിൽ ഏറ്റവും ആദ്യം സ്ഥാപിക്കപ്പെട്ടത് എന്ന് കരുതുന്നു. കന്യാകുമാരിയിലെ പള്ളി സ്ഥാപിക്കപ്പെട്ടത് അവിടത്തെ അരചൻ (രാജാവ്) നല്കിയ സ്ഥലത്തായതിനാൽ അതിന് അരപ്പള്ളി എന്ന് പേര് വന്നുവെന്നും വിശ്വസിക്കപ്പെടുന്നു.

- **കൊടുങ്ങല്ലൂർ പള്ളി**

മാർത്തോമ്മാ പൊന്തിഫിക്കൽ ദേവാലയം (കൊടുങ്ങല്ലൂർ മാർത്തോമ്മാ പള്ളി) വിശുദ്ധ തോമാസിനാൽ പണിയപ്പെട്ട ആദ്യത്തെ ദേവാലയമാണെന്ന് വിശ്വസിക്കുന്നവരുണ്ട്. കൊടുങ്ങല്ലൂരിൽനിന്ന് ആറ് കിലോമീറ്റർ അകലെയായി അഴീക്കോട് എന്ന ഗ്രാമത്തിൽ പെരിയാർ നദിയുടെ തീരത്തായിട്ടാണ് ദേവാലയം സ്ഥിതിചെയ്യുന്നത്.

- **പാലയൂർ പള്ളി**

കേരളത്തിലെ തൃശ്ശൂർ ജില്ലയിലുള്ള പാലയൂരിലാണ് വിശുദ്ധ തോമാസ്ലീഹായുടെ ദേവാലയം എന്ന ഈ പള്ളി സ്ഥിതിചെയ്യുന്നത്. പാരമ്പര്യമനുസരിച്ച് എ.ഡി. 52-ലാണ് ഈ പള്ളി പണിയപ്പെട്ടത്. ഭാരതത്തിലെ ഏറ്റവും പുരാതനമായ ക്രൈസ്തവ ദേവാലയങ്ങളിലൊന്നാണ് ഈ പള്ളി. ഒന്നാം സ്ഥാനത്ത് കോട്ടക്കാവ് പള്ളിയും രണ്ടാമത് ഈപള്ളിയും പണിയപ്പെട്ടുവെന്ന് ഐതീഹ്യം. അപ്പോസ്തലനായ തോമാസ് ഈ ദേശത്ത് തങ്ങി ഇവിടത്തെ ജനങ്ങളോട് സുവിശേഷം അറിയിച്ച് ആളുകളെ ക്രിസ്തീയ മാർഗ്ഗത്തിൽ ചേർത്തുവെന്ന് വിശ്വസിക്കപ്പെടുന്നു.

- **കോട്ടക്കാവ് പള്ളി**

എറണാകുളം ജില്ലയിലെ വടക്കൻപറവൂർ എന്ന സ്ഥലത്താണ് വിശുദ്ധതോമാസ്ലീഹായാൽ സ്ഥാപിതമായ കോട്ടക്കാവ് പള്ളി സ്ഥിതിചെയ്തിരുന്നത്. ഒമ്പതാം നൂറ്റാണ്ടിൽ പുതുക്കിപ്പണിതതിനാൽ രണ്ടാമത്തെ ദേവാലയം എന്നറിയപ്പെടുന്ന ദേവാലയം സ്ഥാപിതമായി. മൂന്നാമത്തെ ദേവാലയം 1308-ൽ സ്ഥാപിക്കപ്പെട്ടു. 1575-ൽ ഗ്രിഗറി പതിമൂന്നാമൻ മാർപാപ്പ ഈ ദേവാലയത്തിന്റെ അൾത്താരയ്ക്ക് സവിശേഷ പദവി കല്പിച്ചുനല്കി.





- **കോക്കമംഗലം പള്ളി**

ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്ക് അടുത്താണ് കോക്കമംഗലം. വിശുദ്ധ തോമാസ്ലീഹാ ജലമാർഗ്ഗം യാത്രചെയ്ത് ഈ സ്ഥലത്ത് എത്തി ഏകദേശം ഒരു വർഷത്തോളം അവിടെ താമസിച്ച് സുവിശേഷം അറിയിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തു. റമ്പാൻപാട്ട് എന്നറിയപ്പെടുന്ന കേരളത്തിലെ പുരാതന ക്രൈസ്തവ ഗീതത്തിൽ പറയുന്നതനുസരിച്ച് ആയിരത്തി അറുനൂറ് പേർ ഈ കാലത്ത് ക്രിസ്ത്യാനികളായിത്തീർന്നുവെന്നാണ്. കോക്കമംഗലത്ത് വിശുദ്ധ തോമാസ് ഒരു വലിയ കൂട്ടത്തെ ഒരുമിച്ചുകൂട്ടി കുരിശുപള്ളി സ്ഥാപിക്കുകയും അതിന് വിശ്വസ്തരുടെ സ്ലീബാ എന്ന് നാമകരണം ചെയ്യുകയും ചെയ്തുവെന്ന് വിശ്വസിക്കപ്പെടുന്നു.

- **നിലയ്ക്കൽ പള്ളി**

പത്തനംതിട്ട ജില്ലയിൽ റാന്നിയിൽനിന്ന് 52 കിലോമീറ്റർ ദൂരെ ശബരിമലയ്ക്ക് സമീപമായി വനത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥലമാണ് നിലയ്ക്കൽ. മലങ്കര ഓർത്തഡോക്സ് സഭയുടെ അധിപനായിരുന്ന പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ കാലത്താണ് ഈ പള്ളിയുടെ സ്ഥാനം. കേരളത്തിലെ ക്രിസ്തീയ വിശ്വാസികളുടെ ഐക്യത്തിന്റെ പ്രതീകമായിരിക്കുന്നതിനുവേണ്ടി എല്ലാ വിഭാഗങ്ങളിൽപ്പെട്ട ക്രിസ്ത്യാനികൾക്കുമായി ഈ ദേവാലയം പ്രതിഷ്ഠിക്കുന്നതിന് ഓർത്തഡോക്സ് സഭ മുൻകൈയെടുത്തു. കേരളവും തമിഴ്നാടും തമ്മിലുള്ള വാണിജ്യത്തിന് ഉപയോഗപ്പെടുത്തിയിരുന്ന മലമ്പാതയുടെ സമീപത്താണ് നിലയ്ക്കൽ എന്ന സ്ഥലം സ്ഥിതിചെയ്യുന്നത്. വിശുദ്ധതോമാസ്ലീഹാ ഈ പ്രദേശത്ത് ഹബ്ബാൻ എന്നയാളുമായി വന്നെത്തി 1100 പേരെ ക്രിസ്തീയ മതത്തിൽ ചേർത്തുവെന്ന് ഐതീഹ്യം പറയുന്നു.



- **നിരണം പള്ളി**

കേരളത്തിലെ ഏറ്റവും പുരാതനമായ ദേവാലയങ്ങളിലൊന്നാണ് നിരണംപള്ളി. പത്തനംതിട്ട ജില്ലയിലെ തിരുവല്ലയ്ക്ക് അടുത്തുള്ള നിരണം എന്ന സ്ഥലത്താണ് ഈ ദേവാലയം സ്ഥിതിചെയ്യുന്നത്. എ.ഡി. 54-ൽ പണിയപ്പെട്ടതാണ് ഈ പള്ളി. പിന്നീട് അനേകം പ്രാവശ്യം പുതുക്കിപ്പണിതു. 1259-ൽ ഇത് പുതുക്കിപ്പണിതുവെന്ന് അവിടത്തെ കല്ലിൽ കൊത്തിയിട്ടുണ്ട്. കൊല്ലത്തുനിന്നും വടക്കുകിഴക്കോട്ട് യാത്രചെയ്യുന്നതിനിടെയാണ് വിശുദ്ധ തോമാസ് തൃക്കപാലീശ്വരം എന്നറിയപ്പെടുന്ന ഈ സ്ഥലത്ത് എത്തിച്ചേർന്നത്. അവിടെയുള്ള പട്ടമുക്കിൽ, തയ്യിൽ എന്ന രണ്ട് ബ്രാഹ്മണ കുടുംബങ്ങളെയും മങ്കി, മടത്തിലാൻ എന്നീ രണ്ട് നായർ കുടുംബങ്ങളെയും ക്രിസ്ത്യാനികളാക്കിയെന്നും ഐതീഹ്യമുണ്ട്. അതിൽ പട്ടമുക്കിൽ കുടുംബത്തിന് പൗരോഹിത്യം കല്പിച്ചുനല്കിയെന്നും പട്ടമുക്കിൽ കുടുംബത്തിൽപ്പെട്ട പുരോഹിതന്മാർ അങ്ങനെ പുരാതനകാലം മുതലേ നിരണംപള്ളിയുടെ സൂക്ഷിപ്പുകാരും ശുശ്രൂഷക്കാരുമായി അവകാശപ്പെടുന്നു. നിരണംപള്ളിയുടെ മൂന്ന് ചുറ്റിനും തറവാട് സ്ഥിതിചെയ്യുന്നു. ഈ ദേവാലയം കേരളത്തിലെ മാത്രമല്ല, ഭാരതത്തിലെയും ലോകത്തിലെ തന്നെയും ഏറ്റവും പുരാതന ക്രൈസ്തവ ദേവാലയങ്ങളിലൊന്നാണെന്ന് അവകാശപ്പെടുന്നു. ഇതിന്റെ ശില്പവിദ്യയ്ക്ക് ഹിന്ദുക്ഷേത്രമാതൃകകളുമായി വളരെ സാമ്യങ്ങളുണ്ട് എന്ന് കാണാവുന്നതാണ്.

- **കൊല്ലത്തെ പള്ളി**

പ്രാചീനകാലത്ത് കൊല്ലം വളരെ പ്രസിദ്ധമായ ഒരു തുറമുഖ നഗരവും വാണിജ്യകേന്ദ്രവുമായിരുന്നു. പ്രാദേശികമായി പ്രചരിക്കപ്പെടുന്ന ഐതീഹ്യമനുസരിച്ച്, തുറമുഖത്തിന് സമീപമായി വിശുദ്ധ തോമാസ്ലീഹാ ഒരു പള്ളി സ്ഥാപിച്ചുവെന്നും, പില്ക്കാലത്ത് കടലാക്രമണത്തിൽ ആ പള്ളി കടലെടുത്തുപോയി എന്നും വിശ്വസിക്കപ്പെടുന്നു.




- **തിരുവിതാംകോട് പള്ളി**

കേരളത്തിന്റെ അതിർത്തിയിൽനിന്ന് 30 കിലോമീറ്റർ അകലെയായി, തമിഴ്നാട്ടിലെ തിരുവിതാംകോട് എന്ന സ്ഥലത്താണ് തോമയാർ കോവിൽ എന്ന് അറിയപ്പെടുന്ന ഈ പള്ളിസ്ഥിതിചെയ്യുന്നത്. ഇപ്പോൾ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയം (അരപ്പള്ളി) എന്നാണിതിന്റെ പേര്. കേരളത്തിലെ ക്രിസ്ത്യാനികളുടെ പാരമ്പര്യമനുസരിച്ച്, തിരുവിതാംകോട്ടുള്ള ഈ അരപ്പള്ളി, (അമലഗിരിപ്പള്ളി എന്നും അറിയപ്പെടുന്നു) ഉദിയൻ ചേരലാതൻ എന്ന ചേരരാജാവാണ് ഈ പേര് നല്കിയതെന്നും എ.ഡി. 63-ൽ വിശുദ്ധതോമാസ്ലീഹാ സ്ഥാപിച്ചതാണെന്നും വിശ്വസിക്കപ്പെടുന്നു.



For more information please contact
The Olive Way TOURS
+91 99611 03983
99617 20195
olivewaytours@yahoo.com

# എറൈസ് ആൻഡ് ഷൈൻ ഉണർവ് യോഗം സമാപിച്ചു



ശിവമൊഗ്ഗെ എറൈസ് ആൻഡ് ഷൈൻ ഉണർവ് യോഗത്തിൽ റവ. ഡോ. രവി മണി പ്രസംഗിക്കുന്നു.

**ശിവമൊഗ്ഗ (കർണാടക):** അർപ്പണബോധവും ദൈവീക വിശ്വാസമുള്ളവർക്കും മാത്രമെ യഥാർഥ ജീവിത വിജയം കൈവരിക്കാനാവൂ എന്ന് വി ഐ എ ജി സ്ഥാപക പ്രസിഡൻറ് റവ.ഡോ.രവി മണി പറഞ്ഞു. ബെംഗളുരുവിലെ വിക്ടറി ഇന്റർനാഷണൽ അസംബ്ലീസ് ഓഫ് ഗോഡ് സഭയും ശിവമൊഗ്ഗ ജില്ലയിലെ പാസ്റ്റേഴ്സ് ഫെലോഷിപ്പും സംയുക്തമായി നടത്തിയ എറൈസ് ആൻഡ് ഷൈൻ (എഴുന്നേറ്റ് പ്രകാശിക്കുക) ഉണർവ് യോഗത്തിന്റെ സമാപന ദിനത്തിൽ വചന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ശിവമൊഗ്ഗെ സി എസ് ഐ സെന്റ് തോമസ് കമ്മ്യൂണിറ്റി ഹാൾ ഗ്രൗണ്ടിൽ നടത്തിയ ഉണർവ് യോഗത്തിൽ മുഖ്യാതിഥികളായി കർണാടക മുൻ മുഖ്യമന്ത്രി ബി എസ്. യെടിയൂരപ്പയുടെ മകനും ശിവമൊഗ്ഗ എം പിയുമായ ബി വൈ .രാഗവേന്ദ്ര, മുൻ എം എൽ എ കെ.ബി പ്രസന്നകുമാർ, ആർ. പ്രസന്നകുമാർ എം.എൽ.സി എന്നിവരും വിവിധ ക്രൈസ്തവ നേതാക്കളും പങ്കെടുത്തു.വിക്ടറി എജി സ്ഥാപക സ്ഥാപക പ്രസിഡൻറും അസംബ്ലീസ് ഓഫ് ഗോഡ് ബെളഗാവി പ്രസ്ബിറ്ററുമായ റവ.ഡോ.രവി മണി വചന പ്രഭാഷണം നടത്തി. ബെളഗാവി ജില്ലയിലെ വിവിധ സഭകളിലെ ശുശ്രൂഷകർ പങ്കെടുത്ത പാസ്റ്റേഴ്സ് ആൻഡ് ലീഡേഴ്സ് സമ്മേളനം ശനിയാഴ്ച പകൽ നടത്തി.

പാസ്റ്റർമാരായ പി.ടി. യേശുദാസ്, ഗ്ലാഡ്സൺ തോമസ്, റെയ്മണ്ട് എസ്.ആർ, ബ്രദർ.എഡ്വിൻ യു എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

## ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പ് 37–ാമത് ജനറൽ കൺവൻഷൻ

**പെരുമ്പാവൂർ:** ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പിന്റെ 37–ാമത് ജനറൽ കൺവൻഷൻ കോഴിക്കോട് ഫിലദെൽഫിയാ സഭയിൽ ഏപ്രിൽ 14–16 വരെ നടക്കും. ഡയറക്ടർ പാസ്റ്റർ പി.ഒ.ഏലിയാസ് ഉദ്ഘാടനം ചെയ്യും. പൊതുസമ്മേളനങ്ങളിൽ പാസ്റ്റർ കെ.ജെ. മാത്യു, ഡോ.ബി.വർഗീസ്, പാസ്റ്റർമാരായ കെ.എ.ജോൺ, പി.വി. ഐസക്, സുരേഷ് കീഴൂർ, നോബിൾ പി.തോമസ്, വി.റ്റി.ഏബ്രഹാം, സുവി.വി.ജെ.ജോൺ എന്നിവർ പ്രസംഗിക്കും. മിഷനറിമാരുടെ അനുഭവസാക്ഷ്യങ്ങളും ഉണ്ടാകും. പാസ്റ്റർ പി.ഡി.ദാസ്, റെജി സെബാസ്റ്റ്യൻ, റോയി മാത്യു ചീരൻ, എന്നിവരെ കൺവൻഷന്റെ കൺവീനേഴ്സായി തിരഞ്ഞെടുത്തു.

## ഈവനിംഗ് ബൈബിൾ സ്കൂൾ

**വെള്ളറട:** ഐ. പി. സി. ഇരിഞ്ഞിനം പള്ളി ഗുഡ് സമരിറ്റൻ വർഷിപ്പ് സെന്ററിൽ ഈവനിംഗ് ബൈബിൾ സ്കൂൾ നടക്കുന്നു. എല്ലാ ആഴ്ചയിലും തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ 630–8.30 വരെ ക്ലാസ് നടക്കുന്നു. ശുശ്രൂഷകന്മാർ, സഹോദരീസഹോദരന്മാർ, ജോലിയോടൊപ്പം വചനം പഠിക്കാം. വിജയകരമായി പഠനം പൂർത്തിയാക്കുന്നവർക്ക് അംഗീകൃത സർട്ടിഫിക്കറ്റ് നൽകും. ഡയറക്ടർ പാസ്റ്റർ ശോഭന ദാസ്, ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ഡോ.മനോജ് പോൾ, കുര്യാക്കോസ്, സി.വൈ.സാംകുട്ടി, പി.എം.ജോൺസൺ, അസറിയ ജോസഫ്, ജേക്കബ് കുര്യൻ തുടങ്ങിയവർ ക്ലാസുകളെടുക്കുന്നു. 9495493305

## തിരുവല്ലയിൽ പ്രഭാത പ്രാർത്ഥന

**തിരുവല്ല:** ഭാരതത്തിലെ പൊതുതിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ, സമാധാനപൂർണ്ണമായി തിരഞ്ഞെടുപ്പ് നടക്കേണ്ടതിനും, സഭകളിൽ ആത്മീയ ഉണർവ്വ് ഉണ്ടാകേണ്ടതിനും, സുവിശേഷത്തിന്റെ വാതിൽ അടയാതിരിക്കേണ്ടതിനുമായി തിരുവല്ലയിലും പരിസരങ്ങളിലുമുള്ള പെന്തെക്കോസ്ത് സഭകളിൽ പ്രഭാത പ്രാർത്ഥന ആരംഭിച്ചു. ദിവസവും രാവിലെ 5 മുതൽ 6 വരെ നടക്കുന്ന പ്രാർത്ഥന ഓരോ ദിവസവും ഓരോ സഭകളിൽ വച്ചാണ് നടക്കുന്നത്. പാസ്റ്റർമാരായ ജോൺ മാത്യു കൂടാരത്തിൽ, സജി കെ.ഫിലിപ്പ്, ജോബി വർഗീസ്, സി.പി.മോനായ്, ഇവാ. സാം ചെന്നിത്തല, ബ്രദർ ജോർജ് മാത്യു എന്നിവർ നേതൃത്വം നൽകുന്നു. 9349500155

## സാത്താനുമായി സംവാദം വേണ്ട

1–ാം പേജ് തുടർച്ച

താവിന്റെ പരിപാലനയ്ക്ക് പൂർണ്ണമായി സമർപ്പിക്കുവാനുള്ള തന്റെ ദാഹമാണ് യേശു ഉറപ്പിച്ചു പ്രഖ്യാപിക്കുന്നത്.

രണ്ടാമത്തെ പ്രലോഭനം: മാനുഷിക മഹത്വത്തിനുള്ള ആർത്തിയുടെ പാത. പിശാച് പറയുന്നു:

“നീ എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിന്റേതായിരിക്കും”. തന്റെ വ്യക്തി പരമായ നേട്ടങ്ങൾക്കായി പണത്തിന്റെയും വിജയത്തിന്റെയും ശക്തിയുടെയും വിഗ്രഹങ്ങളാൽ വികലമാക്കപ്പെടുന്നതിന് വിട്ടുകൊടുക്കുന്നവൻ വ്യക്തിപരമായ അന്തസ്സ് നഷ്ടപ്പെടുത്തുകയാണ്. നൈമിഷികമായ ഒരു ആനന്ദത്തിന്റെ മാനസിക സുഖം അവൻ അനുഭവിക്കുന്നു. ഇതെല്ലാം നമ്മെ പൊങ്ങച്ചത്തിന്റെ ‘മയിലുകളാ’ ക്കുന്നു. എന്നാൽ അവയെല്ലാം പെട്ടെന്ന് ഇല്ലാതാകുന്നതാണ്. ഇക്കാരണം കൊണ്ട് യേശു പറയുന്നു: “നീ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കേണം. അവിടുത്തെ മാത്രമേ ശുശ്രൂഷിക്കാവൂ.”

അടുത്തത് മൂന്നാമത്തെ പ്രലോഭനമാണ്: സ്വന്തം പ്രയോജനത്തിനായി ദൈവത്തെ ദുരുപയോഗിക്കുവാനാണ് ക്ഷണം. ബൈബിൾ ഉദ്ധരിച്ചുകൊണ്ട് ദൈവത്തിൽ നിന്നും സ്പഷ്ടമായ അത്ഭുതം ചോദിക്കുവാൻ ആവശ്യപ്പെടുന്ന പിശാചിനെ നേരിട്ടുകൊണ്ട്, വിനീതനായിരിക്കുവാനും ദൈവതിരുമുമ്പിൽ പ്രത്യാശയുള്ളവനും ആയിരിക്കുവാനുള്ള ഉറച്ച തീരുമാനത്തോടെ യേശു സാത്താനെ എതിർക്കുന്നു: “നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്ന് എഴുതപ്പെട്ടിരിക്കുന്നു”. അങ്ങനെ യേശു, വാസ്തവത്തിൽ നമ്മുടെ അഹങ്കാരത്തിനുമാത്രം ഗുണകരമായ കൃപകൾക്കായി ചോദിച്ചുകൊണ്ട് “ദൈവത്തെ നമ്മുടെ പക്ഷത്താക്കുക” എന്ന ഏറ്റവും സൂക്ഷ്മമായ പ്രലോഭനത്തെയും നേരിടുന്നു.

നമ്മുടെ ജീവിതത്തിൽ വിജയവും ആനന്ദവും പ്രദാനം ചെയ്യുന്നതിനുള്ളവ എന്ന മട്ടിൽ നമ്മുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്ന മൂന്നു പാതകളാണിവ. എന്നാൽ വാസ്തവത്തിൽ അവ പൂർണമായും ദൈവത്തിന്റെ പ്രവർത്തന രീതിക്ക് നിരക്കാത്തതാണ്. വാസ്തവത്തിൽ അവ നമ്മെ ദൈവത്തിൽ നിന്നും അകറ്റുന്നു. എന്തെന്നാൽ അവ സാത്താന്റെ പ്രവൃത്തികളാണ്. ഈ പരീക്ഷണങ്ങളെ വ്യക്തിപരമായി നേരിട്ടുകൊണ്ട്, പ്രലോഭനങ്ങളെ മൂന്നുവട്ടം കീഴടക്കിക്കൊണ്ട് സ്വർഗ്ഗസ്ഥനായ പിതാവിന്റെ പദ്ധതിയോട് പൂർണമായും ചേർന്നു നിൽക്കണം. അങ്ങനെ അവിടുന്ന് നമുക്ക് വഴി കാട്ടുന്നു. ആന്തരിക ജീവിതം, ദൈവത്തിലുള്ള വിശ്വാസം, അവിടുത്തെ സ്നേഹത്തിലുള്ള ഉറപ്പ് – ദൈവം നമ്മെ സ്നേഹിക്കുന്നു, അവിടുന്ന് നമ്മുടെ പിതാവാണ് എന്ന ഉറപ്പ് – ഈ ഉറപ്പു വഴി നാം ഓരോ പ്രലോഭനത്തെയും മറികടക്കുന്നു.

എന്നാൽ ഒരു കാര്യം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു; വളരെ കൗതുകകരമായ ഒരു കാര്യം. പ്രലോഭകനോട് പ്രതികരിക്കുമ്പോൾ യേശു ഒരിക്കലും അവനോട് ചർച്ചയ്ക്കു പോകുന്നില്ല. പിന്നയോ മൂന്നു വെല്ലുവിളികളെയും ദൈവവചനം കൊണ്ട് മാത്രം നേരിടുകയാണ്. സാത്താനുമായി സംവാദം അരുത് എന്ന് ഇതു നമ്മെ പഠിപ്പിക്കുന്നു. നാം ചർച്ച ചെയ്യരുത്. ദൈവവചനം കൊണ്ട് അവനു മറുപടി കൊടുക്കുക.

## ദൈവത്തിന്റെ അച്ചുകൂടം

3–ാം പേജ് തുടർച്ച

മില്ലാത്ത ചൈനയിൽ നിന്ന് ദൈവവചനം പ്രസിദ്ധീകരിച്ച് ലോകത്തിന്റെ അറ്റത്തോളം അയക്കുക എന്നത് മഹാത്ഭുതം തന്നെയാണ്. ദൈവത്തിന്റെ എല്ലാ പ്രവർത്തികളും അതുപോലെയാണ്. ദൈവം നമുക്കൊപ്പമുണ്ടെന്ന ചിന്തയിൽ ദൈവീക ദൗത്യ നിർവ്വഹണത്തിനായി നാം നേരോടും ധീരമായും ചുവട് വയ്ക്കുന്നുവെങ്കിൽ ഏത് കോട്ട കൊത്തളങ്ങളേയും ഇടിച്ച് ദൈവം തന്റെ പ്രവർത്തി ചെയ്യും. ദൈവം ഏൽപ്പിച്ച നിയോഗത്തിന് മുന്നിൽ പതറാതെ അമിറ്റി പ്രിന്റിംഗ് കമ്പനി സാരഥികൾ ചുവട് വച്ചു. സർക്കാരിന്റെ കാലങ്ങളായുള്ള സമീപനം പോലും മാറ്റിവച്ച് അവർ അതിന് അനുമതി നൽകുകയും ചെയ്തു.

ലോകസർക്കാരിന് വേണ്ടത് വിദേശനാണ്യമായിരുന്നുവെങ്കിൽ സ്വർഗ്ഗീയ ഭരണകൂടത്തിന് വേണ്ടത് നഷ്ടപ്പെടുന്ന ജനകോടികളുടെ ജീവനെയായിരുന്നു. ദൈവഹിതമുണ്ടെന്ന് ഉറപ്പ് വരുത്തിയ ഏതൊരു പദ്ധതിക്കും പ്രാർത്ഥനയോടെ ധീരമായി ചുവട് വയ്ക്കുക. സർവ്വശക്തൻ മുന്നേ പോകും ഇരുമ്പോടാമ്പലുകൾ തുറക്കും കോട്ടകൊത്തളങ്ങൾ വഴി മാറും. ദൈവം നിങ്ങളെ ഏൽപ്പിച്ച പദ്ധതികൾ പൂർത്തീകരിക്കപ്പെടുകയും ചെയ്യും. മറക്കരുത്; നാം വിശ്വസിക്കുന്ന ദൈവം എൽഷദ്ദായി അതായത് സർവ്വശക്തനാണ്.


Visit us
www.maruppacha.com
E-mail us
marupacha@yahoo.com


## ദി പെന്തെക്കോസ്ത് മിഷൻ കൺവൻഷൻ 2019

| | |
|---|---|
| മൂന്നാർ, നാസ്രേത്ത് | ഏപ്രിൽ 4 - 7 |
| പരമകുടി, കട്ടപ്പന | ഏപ്രിൽ 11 - 14 |
| സാർവ്വദേശീയ പ്രാർത്ഥനാവാരം (എല്ലാ സഭകളിലും ഉപവാസപ്രാർത്ഥനയും കാത്തിരിപ്പുയോഗവും) | ഏപ്രിൽ 15 - 20 |
| റാന്നി, തിരുച്ചിറപ്പള്ളി | ഏപ്രിൽ 25 - 28 |
| തേനി, ഷില്ലോംഗ് | മെയ് 2 - 5 |
| കുന്നൂർ, സേലം | മെയ് 9 - 12 |
| കെല്ലീസ് | മെയ് 16 - 19 |
| സിംഗപൂർ | മെയ് 30 ജൂൺ 2 |
| ക്വാലാലമ്പൂർ | ജൂൺ 6 - 9 |
| യു.എസ്.എ (ഇന്ത്യാന, പെൻസിൽവേനിയ) | ജൂലൈ 10 - 14 |
| ട്രിനിഡാഡ്, എൽസൽവഡോർ | ജൂലൈ 18 - 21 |
| ജർമനി | ജൂലൈ 26 - 28 |
| സ്വിറ്റ്സർലണ്ട് | ആഗസ്റ്റ് 2 - 4 |
| സിറാ ലിയോൺ (ഫ്രീടൗൺ) | ആഗസ്റ്റ് 8 - 11 |
| പാരീസ് | ആഗസ്റ്റ് 15 - 18 |
| ലണ്ടൻ | ആഗസ്റ്റ് 22 - 25 |
| മൗണ്ട് ഹേഗൻ (പി.എൻ.ജി) | സെപ്റ്റംബർ 10 - 12 |
| പോർട്ട് മോഴ്സ്ബി (പി.എൻ.ജി) | സെപ്റ്റംബർ 13 - 15 |
| ഫിജി | സെപ്റ്റംബർ 19 - 22 |
| ന്യൂസിലാൻഡ് | സെപ്റ്റംബർ 20 - 22 |
| മെൽബൺ | സെപ്റ്റംബർ 26 - 29 |
| നേപ്പാൾ | ഒക്ടോബർ 2 - 5 |
| സെക്കൻദ്രാബാദ് | ഒക്ടോബർ 3 - 6 |
| ജമ്മു, കട്ടക്ക് | ഒക്ടോബർ 10 - 13 |
| ഡൽഹി, ആൻഡമാൻസ് | ഒക്ടോബർ 17 - 20 |
| കൊഹിമ, നാഗ്പൂർ | ഒക്ടോബർ 24 - 27 |
| വഡോദര, തിരുപ്പതി | ഒക്. 31 നവംബർ 3 |
| ദുബായ് | നവംബർ 5 - 8 |
| പുനലൂർ, കൊൽക്കട്ട | നവംബർ 14 - 17 |
| കെനിയ (നെയ്റോബി) | നവംബർ 15 - 17 |
| വാർഷിക യുവജനക്യാമ്പ് | നവംബർ 21 - 24 |
| എറണാകുളം, വെല്ലൂർ | നവം. 28 ഡിസം. 1 |
| കൊക്കാവിള (ശ്രീലങ്ക) | ഡിസംബർ 27 - 31 |




BHUTAN TOURS
(2NIGHTS)
Paro-Thimphu.
FROM KOCHI / INDIA (AIRPORT)
Contact :8075173895. tourselijah@gmail.com

Law Office of Mathew Vairamon
Dr.Mathew M Vairamon, M.S., LL.M., Ph.D
Houston, Texas
Attorney & Counselor at Law
Accredited General and Family Mediator
Notary
Practice in Immigration Law, Social Security,
Non profit exemption from IRS, Personal injury,
Business Law, Contract, Power of Attorney and Wills
Phone # 281-857-7538
Email: mathewvairamon@gmail.com



# ജീവനുള്ള വചനത്തിന്റെ അടിസ്ഥാനത്തിൽ സഭകൾ നിലകൊള്ളണം: ജോസഫ് എം. പുതുശ്ശേരി



ഹാബേൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടന്ന ചർച്ച് ബിൽ സംവാദം മുൻ എം.എൽ.എ ജോസഫ് എം. പുതുശ്ശേരി ഉദ്ഘാടനം ചെയ്യുന്നു

**തിരുവല്ല:** ക്രൈസ്തവ സഭകളുടെ സ്വാതന്ത്ര്യത്തെയും ഭരണഘടനാപരമായ അവകാശങ്ങളെയും പൂർണ്ണമായും ഇല്ലാതാക്കുന്നതാണ് ചർച്ച് ബില്ലെന്ന് മുൻ എം.എൽ.എ ജോസഫ് എം. പുതുശ്ശേരി. ബില്ലിനെപ്പറ്റി ചർച്ച ചെയ്യാൻ ഹാബേൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ചേർന്ന വിവിധ ക്രൈസ്തവ സഭകളിലെ പ്രതിനിധികളുടെ യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫൗണ്ടേഷൻ ചെയർമാൻ ഡോ. സാമുവൽ നെല്ലിക്കാട് അധ്യക്ഷത വഹിച്ചു.

ഇന്ത്യൻ ഭരണഘടനയുടെ 26-ാം വകുപ്പ് നിലവിലുള്ളപ്പോൾ ന്യൂനപക്ഷത്തിന്റെ അധാർമ്മികതയുടെ പേരിൽ ക്രൈസ്തവ സമൂഹത്തെ മുഴുവൻ ചർച്ച് ബില്ലിലൂടെ അടിച്ചമർത്താനുള്ള ശ്രമം നീതിക്കു നിരക്കുന്നതല്ല. ആധുനിക കാലഘട്ടത്തിലുണ്ടായ സമ്പത്തിന്റെ വർദ്ധനവ് ക്രൈസ്തവ മൂല്യങ്ങളിൽ നിന്നും സഭകൾ മാറിപ്പോകാൻ കാരണമായോ എന്നും അദ്ദേഹം സംശയം പ്രകടിപ്പിച്ചു. ജീവനുള്ള വചനത്തെ അടിസ്ഥാനമാക്കി വേണം സഭകൾ നിലകൊള്ളേണ്ടതെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ക്രൈസ്തവ വിശ്വാസത്തെയും വിശ്വാസികളെയും രജിസ്റ്റർ ചെയ്യാൻ സാധിക്കില്ലെന്നും ചർച്ച് ബില്ല് സഭകളുടെ ഭരണസംവിധാനത്തിൽ നിന്നും വ്യത്യസ്തമാണെന്നും മുഖ്യപ്രഭാഷണം നടത്തിയ പി.എസ്. ചെറിയാൻ പറഞ്ഞു. ഒരു സഭയുടെ സ്ഥാവരജംഗമ വസ്തുക്കൾ, ജീവനക്കാരുടെ അവകാശങ്ങൾ, സ്വത്തുക്കളുടെ സംരക്ഷണം തുടങ്ങിയവയിൽ നീതിനിഷേധത്തിന്റെ അവസ്ഥ വന്നു ചേരുന്നത് ഭൂഷണമല്ല, നീതിനിഷേധം വരുന്നതു കൊണ്ടാണ് നിയമ നിർമ്മാണം ആവശ്യമായി വരുന്നത്.മെത്രാന്മാരെ ചോദ്യം ചെയ്യാനല്ല, മറിച്ച് അന്യായമായ പ്രവർത്തനങ്ങളുണ്ടായാൽ കടിഞ്ഞാണിടുന്നത് നല്ലതാണ്. കൂട്ടുത്തരവാദിത്വമാണ് നല്ലതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സഭകളുടെയും സ്ഥാപനങ്ങളുടെയും ദൈനംദിന കാര്യങ്ങളിൽ ഗവൺമെന്റിന്റെ നിയന്ത്രണം വന്നാൽ ഒരു പരിധിവരെ അത് ദോഷം ചെയ്യുമെന്ന് ചരിത്രകാരനും ചിന്തകനുമായ സി. സാമുവൽ പറഞ്ഞു.

ജനാധിപത്യമായ രീതിയിലാണ് മിക്കവാറും സഭാനേതൃത്വത്തിന്റെ പ്രവർത്തനം അതുകൊണ്ട് പൂർണ്ണമായ നീതിനിഷേധം നടക്കുന്നില്ല. ചർച്ച് ബില്ലിൽ ഇപ്പോൾ ദോഷം കാണുന്നില്ലെന്നും ഭാവിയിൽ അത് ദോഷകരമായി വന്നേക്കാമെന്നും തോമസ് മാമ്മൻ പറഞ്ഞു. വിവിധ ക്രൈസ്തവ സഭകളുടെ പ്രതിനിധികളായ റവ. ജോയസ് ജോൺ, ജോസഫ് ചാക്കോ, ജേക്കബ് മാത്യു, പി.പി. ജോൺ, ജോസ് ചേലമൂലയിൽ, മാത്യു പോൾ, റോയി വറുഗീസ്, വി.എം. ജോസഫ്, മറിയാമ്മ ജോൺ തുടങ്ങിയവർ ചർച്ചയ്ക്ക് നേതൃത്വം നൽകി.

## മെമ്പർഷിപ്പ് കാമ്പയിനു തുടക്കമായി

**കുമ്പനാട്:** ഐ.പി.സിയിലെ എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും ആഗോള സംഘടനയായ ഐ.പി.സി ഗ്ലോബൽ മീഡിയ അസോസിയേഷന്റെ മെമ്പർഷിപ്പ് കാമ്പയിനു തുടക്കമായി. അസോസിയേഷന്റെ പ്രാഥമിക അംഗത്വത്തിനും സ്ഥിര അംഗത്വത്തിനുമുള്ള അപേക്ഷ ഫോറത്തിനു വേണ്ടി ഏപ്രിൽ 15 നുള്ളിൽ ജന. സെക്രട്ടറിയുടെ ഇ.മെയിൽ (sajimkathettu@gmail.com) അഡ്രസ്സിൽ ആവശ്യപ്പെടുക. സ്വദേശത്തോ വിദേശത്തോ ഉള്ള ഏതെങ്കിലും ഒരു ഐ.പി.സി സഭയിൽ ഒരു വർഷത്തിൽ കുറയാത്ത അംഗത്വവും മാധ്യമ പ്രവർത്തനത്തിലോ, സാഹിത്യ രംഗത്തോ ഒരു വർഷമെങ്കിലും പ്രവർത്തന പരിചയമുള്ളവർക്ക് പ്രാഥമിക അംഗത്വത്തിനും നിലവിൽ ഐ.പി.സിയിലെ ഏതെങ്കിലും ഒരു സഭയിൽ 5 വർഷത്തിൽ കുറയാത്ത അംഗത്വവും മാധ്യമ സാഹിത്യ രംഗങ്ങളിലൊന്നിൽ 5 വർഷത്തെ പ്രവർത്തന പരിചയവും ഉള്ളവർക്ക് സ്ഥിരാംഗത്വത്തിനും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9447372726, 944735 0038(India), +1971503540676(Gulf), 823 6469078(USA). പൂരിപ്പിച്ച അപേക്ഷകൾ ഏപ്രിൽ 30നുള്ളിൽ ലഭിച്ചിരിക്കേണ്ടതാണ്.

## മുളക്കുഴ യു.പി.എഫ്. ഭാരവാഹികൾ

**മുളക്കുഴ:** മുളക്കുഴയിലും ചുറ്റുപാടുകളിലുമുള്ള 20-ൽപരം വേർപെട്ട സഭകൾ ചേർന്ന് യു.പി.എഫ് രൂപീകരിച്ചു.

ഭാരവാഹികളായി പ്രസിഡന്റ് പാസ്റ്റർ സാമുവേൽ ഫിലിപ്പ്, വൈസ് പ്രസിഡന്റുമാരായി പി.വി.ഏബ്രഹാം, രാജൻ വർഗീസ്, സെക്രട്ടറിയായി ഏബ്രഹാം ഫിലിപ്പോസ്, ജോയിന്റ് സെക്രട്ടറിമാരായി പാസ്റ്റർ ഉമേഷ്, പാസ്റ്റർ തോമസ് വർഗീസ് എന്നിവരും ട്രഷറാർ തോമസ് വർഗീസ്, പ്രോഗ്രാം കോർഡിനേറ്റർ പാസ്റ്റർ ജേക്കബ് ഉമ്മൻ, വി.ബി.എസ്.കോർഡിനേറ്റർ പാസ്റ്റർ ജേക്കബ് ഏബ്രഹാം എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. കമ്മറ്റി മെമ്പേഴ്സായി പാസ്റ്റർ സനീഷ്, പാസ്റ്റർ അലക്സാണ്ടർ ജോർജ്, ജോൺ ബനിയൻ, പാസ്റ്റർ എം. സി.ജോയി, പാസ്റ്റർ രാജേഷ്, പാസ്റ്റർ മെക്കലിസ്റ്റർ, തമ്പി ടി.ജോയി, പാസ്റ്റർമാരായ എ.ജി.ചാക്കോ, സുനിൽ ബാബു, ജോയി ജോർജ്, കോശി തോമസ് എന്നിവരെ തിരഞ്ഞെടുത്തു. മുളക്കുഴ യുപിഎഫിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 8-12 വരെ ഒരു സംയുക്ത വി.ബി.എസ് മുളക്കുഴ ചർച്ച് ഓഫ് ഗോഡ് ഹാളിൽ നടക്കും.

## ഐ.സി.പി.എഫ്. റീജിയണൽ ക്യാമ്പ്

**തൃശൂർ:** ഐ.സി.പി.എഫ്.യൂത്ത് ക്യാമ്പ് ഏപ്രിൽ 25-27 വരെ വിലങ്ങന്നൂർ ദർശന പാസ്റ്ററൽ സെന്ററിൽ നടക്കും. ഡോ.സിനി ജോയ്സ് മാത്യു, പ്രൊഫ.ജസ്റ്റിൻ കോശി, സുജിൻ ഏബ്രഹാം, ഉമ്മൻ പി.ക്ലമൻസൺ, അജി മർക്കോസ് എന്നിവർ ക്ലാസുകളെടുക്കും. എബ്ലോസ് ഗാനങ്ങളാലപിക്കും. പാസ്റ്റർ സി.ജെ.സാമുവേൽ, ഡോ.ബോവസ് വിൻസെന്റ്, ജെയ്സ് വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകും.





പാസ്റ്റർ പോൾ മലയടിയുടെ പുതിയ ചരിത്ര പുസ്തകം...

## ഏഴ് സഭകളുടെ നാട് തുർക്കി




ഹാരാൻ, എഡേസ്സാ, അന്തോക്യ, തർസോസ്, കപ്പദോക്യ, നിഖ്യ...



പ്രസിദ്ധ ഉത്തരേന്ത്യൻ മിഷണറിയായ പാസ്റ്റർ പോൾ മലയടിയുടെ ജനപ്രിയ പുസ്തകമായ അത്ഭുതവിടുതലിനു ശേഷം 22-ൽപരം പുസ്തകങ്ങൾ രചിച്ചു പ്രസിദ്ധീകരിച്ചു. അതിൽ ചരിത്രപുസ്തകങ്ങളായ ഹിന്ദുത്വ സംസ്കാരവും ആര്യ-ദ്രാവിഡ വിവാദവും, ഇന്ത്യൻ സംസ്കാരത്തിന്റെ അടിവേരുകൾ, പിരമിഡു മുതൽ ഗോൽഗോഥാ വരെ, ക്രിസ്ത്യാനിത്വം തേരോടിയ നാട്ടിലൂടെ എന്നീ പുസ്തകങ്ങൾക്ക് ശേഷം ഇതാ അധികം പേരും കാണാത്ത ആദിമകാല ക്രൈസ്തവ ചരിത്രവുമായി വായനക്കാരുടെ മുമ്പിൽ ഏഴു സഭകളുടെ നാടുകൾ : തുർക്കി (ഹാരാൻ എഡേസ്സാ, അന്തോക്യ, തർസോസ്, കപ്പദോക്യ, നിഖ്യാ) അവതരിപ്പിക്കുന്നു.

300-ലധികം പേജുകളുള്ള ഈ പുസ്തകത്തിന്റെ മുഖവില 300 രൂപ.

തിരുവല്ല ദീപ്തി ബുക്ക്ഷോപ്പിൽ പുസ്തകങ്ങൾ നേരിട്ട് ലഭിക്കുന്നു.
രജിസ്റ്റേർഡ് തപാലിൽ ലഭിക്കേണ്ടവർ 50 രൂപ അധികം അയക്കുക.
വിദേശത്തേക്ക് 100 രൂപ അധികം അയ്ക്കുക. പുസ്തകങ്ങൾ വി.പി.പി. ആയി ലഭിക്കും

എന്താണ് മരണം?
മനുഷ്യൻ വെറും ചാമ്പൽ മാത്രമോ? മറ്റൊന്നുമില്ലേ?
മരണത്തിനപ്പുറം ജീവിതം ഉണ്ടോ?
മരണത്തെയും മരണാനന്തര ജീവിതത്തെയും പറ്റി മതങ്ങളും ശാസ്ത്രവും എന്തുപറയുന്നു?
മരിച്ചവരുടെ ആത്മാക്കളുമായി നമുക്ക് സംസാരിക്കാൻ കഴിയുമോ?
അവർ ഭൂമിയിലേക്ക് മടങ്ങിവരുമോ?
സ്വർഗ നരകങ്ങൾ യാഥാർത്ഥ്യമോ?
"മരണത്തിനപ്പുറം എന്ത്?" - നൂറ്റാണ്ടുകളായി മനുഷ്യൻ ചോദിക്കുന്നു.
മരണ മറയ്ക്കപ്പുറത്തേക്ക് നമ്മെകൊണ്ടു പോകുന്ന ഗ്രന്ഥമാണ് "മരണത്തിനപ്പുറം".




ഗ്രന്ഥകാരൻ:
അച്ചൻകുഞ്ഞ് ഇലന്തൂർ

മരണത്തിനപ്പുറം

DEEPTHI PUBLICATIONS
Planthottam Complex, Tiruvalla-1 Kerala, India.
Phone: 0469- 2634321. Email: maruppacha@yahoo.com
9961720195

# തുരുമ്പിച്ച ആനകൾ!



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

കരയിലെ ഏറ്റവും വലിയ മൃഗമായ ആനയെ കാട്ടിൽനിന്ന് പിടികൂടി അതിന് മനുഷ്യന്റെ നിർദ്ദേശങ്ങൾ മനസ്സിലാക്കുന്നതിനുള്ള പരിശീലനം കൊടുത്ത് മെരുക്കിയെടുക്കാറുണ്ടല്ലോ. കോന്നി, കോടനാട് എന്നിവിടങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ-ആനക്കൂട്-ഉണ്ട്. തടി പിടിക്കുന്നതിനും മറ്റ് ഭാരമേറിയ പല ജോലികൾ ചെയ്യിക്കുവാനും ഈ മൃഗത്തെ മനുഷ്യർ മുമ്പ് ധാരാളമായി ഉപയോഗിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവയ്ക്കുപകരം പലതരം ആധുനിക യന്ത്രങ്ങളാണ് ആ ജോലികൾ മിക്കതും ചെയ്യുന്നത്. അതുകൊണ്ട് ആനകൾക്ക് പണ്ടത്തെയത്രയും കഠിനമായ ജോലികൾ ചെയ്യേണ്ടിവരുന്നില്ല. കൂടുതലും മതപരമായ ചടങ്ങുകൾക്കും എഴുന്നെള്ളത്തുകൾക്കും മറ്റുമാണ് ഇപ്പോൾ ഉപയോഗിക്കാറുള്ളത്. ടൂറിസം മേഖലയിൽ ആനകളെ ഉപയോഗപ്പെടുത്തുന്ന പല രാജ്യങ്ങളുമുണ്ട്.

സ്വന്തമായി ഒരു ആനയുള്ളത് വലിയ കേമമായി കണക്കാക്കിയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അത് നല്ല വരുമാനമാർഗ്ഗവുമായിരുന്നു. ഇപ്പോൾ പക്ഷേ സ്ഥിതി മാറി. ആനയെ തീറ്റിപ്പോറ്റുന്നതിനും, പരിപാലിക്കുന്നതിനും, രോഗം പിടിപെട്ടാൽ ചികിത്സിപ്പിക്കുന്നതിനുമെല്ലാം വരുമാനത്തേക്കാൾ ചിലവുള്ളതിനാൽ ആനയുടെ ഉടമസ്ഥർക്ക് തങ്ങളുടെ പ്രൗഢിയുടെ അടയാളമായി അവയെ കൊണ്ടുനടക്കാമെന്നല്ലാതെ ആദായമല്ല. ന്റുപ്പാപ്പയ്ക്ക് ഒരാനേണ്ടാർന്നു-എന്ന ബഷീറിന്റെ പ്രസിദ്ധമായ കഥ കേൾക്കാത്തവർ കുറവായിരിക്കും. പോയ കാല മഹിമയെ ഒറ്റവാക്കിൽ വിവക്ഷിക്കാൻ അതിലും നല്ല ഒരു വാചകം ഇല്ലെന്നുതന്നെ പറയാം. ആനയുള്ള വീട് നാട്ടിൽ എല്ലാവരും അറിയും.

കാട്ടാനകളെയും മറ്റ് പല മൃഗങ്ങളെയും മെരുക്കുന്ന പരിശീലകർ, മനഃശാസ്ത്രത്തിൽ കണ്ടീഷനിംഗ് എന്ന് അറിയപ്പെടുന്ന രീതിയാണ് ഉപയോഗിക്കുന്നത്. സ്നേഹവും ദണ്ഡനവും ലാളനയും ശാസനയുമെല്ലാം വേർതിരിച്ച് മനസ്സിലാകത്തക്കവിധം നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും സമ്മാനങ്ങളും നല്കിയാണ് അവയെ മെരുക്കുന്നത്. മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈവകയെല്ലാം മനുഷ്യജാതിയോട് മെരുങ്ങുന്നു, മെരുങ്ങിയുമിരിക്കുന്നു(യാക്കോബ് 3:7) എന്ന് തിരുവെഴുത്തിൽ പറഞ്ഞിട്ടുണ്ട്. മറ്റ് ജീവജാലങ്ങളെ അടക്കി വാഴുവാൻ ദൈവം മനുഷ്യന് നല്കിയ അധികാരം എത്ര വിശിഷ്ടമായതാണ്! കുറുക്കൻ കോഴിഫാം നടത്താറില്ല എന്നപോലെ, ഒരു മൃഗവും മറ്റ് വർഗ്ഗത്തിൽപ്പെട്ട ജീവജാലങ്ങളെ തങ്ങളുടെ അധീനതയിലാക്കുവാനോ, അനുസരിപ്പിക്കുവാനോ ശ്രമിക്കാറില്ല. പ്രാപ്തിയുമില്ല.

ആനകളെ നോക്കുന്ന ജോലി ചെയ്യുന്നവർക്ക് പലപ്പോഴും അപകടങ്ങൾ സംഭവിക്കാറുണ്ട്. ആന ഇടഞ്ഞ് അക്രമാസക്തമായി പാപ്പാന്മാരെ ആക്രമിക്കുകയും വകവരുത്തുകയും ചെയ്യുന്ന സംഭവങ്ങളും, മദ്യപിച്ച് ലക്കുകെട്ട പാപ്പാന്മാർ ആനകളെ ക്രൂരമായി ഉപദ്രവിക്കുന്ന സംഭവങ്ങളുമുണ്ട്. ഏറെ സ്നേഹമുള്ള ജന്തുവാണ് ആന, പക്ഷേ, മദമിളകിയാൽ സംഭവിക്കുന്ന വിപത്ത് എത്രവലുതാണ്! യന്ത്രങ്ങൾ കേടായാലോ തുരുമ്പെടുത്താലോ ഉണ്ടാകുന്ന നഷ്ടം പരിമിതമാണ്, പരിഹരിക്കാൻ എളുപ്പമാണ്. ഇടഞ്ഞ ആനയെ വീണ്ടും ഇണക്കുന്നതിന് സ്നേഹമാണ് ഏക മാർഗ്ഗം. അതിനോട് നല്ല അടുപ്പവും സ്നേഹവുമുള്ളവരെ അതിനറിയാം, അവർക്ക് മാത്രമേ വീണ്ടും അതിനെ ശാന്തമാക്കാൻ പ്രാപ്തിയുള്ളു. അല്ലാത്തവർക്ക് പരമാവധി മയക്കുവെടി വച്ച് അതിനെ താല്ക്കാലികമായി ബന്ധിക്കാൻ സാധിച്ചേക്കാം, അത് പക്ഷേ സ്നേഹത്തിനും വാത്സല്യത്തിനും പകരമാവുകയില്ല.



> **കുടുംബാംഗങ്ങളെ യന്ത്രങ്ങളായി കാണുന്നവർക്ക് സംഘർഷങ്ങളുടെ പേമാരിയും കൊടുങ്കാറ്റും പ്രതീക്ഷിക്കാം. കാരണം, ആനകൾ തുരുമ്പിക്കാറില്ല. സ്നേഹവും വാത്സല്യവും അംഗീകാരവും ശാസനയും തിരുത്തലും യന്ത്രങ്ങൾക്ക് ആവശ്യമില്ലെങ്കിലും, മനുഷ്യർക്ക് അത് അത്യാവശ്യമാണ്.**

ആധുനിക കാലഘട്ടത്തിൽ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളിലും ഈ വസ്തുത ശരിയാണ്. യന്തിരന്റെ കടന്നുകയറ്റം സമൂഹത്തിലും കുടുംബങ്ങളിലും വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. മാതാപിതാക്കളും മക്കളും തമ്മിലും, ഭാര്യാഭർത്താക്കന്മാർ തമ്മിലും, അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലും, മുതലാളിയും തൊഴിലാളികളും തമ്മിലുമെല്ലാം സംഘർഷങ്ങൾ വർദ്ധിച്ചിട്ടുണ്ട്. പരസ്പരസ്നേഹവും വാത്സല്യവും ഇല്ലാതെ ബന്ധങ്ങൾ യാന്ത്രികമാവുന്നു. സ്നേഹിക്കേണ്ടവർ തങ്ങളെ വെറും യന്ത്രങ്ങളായി കണക്കാക്കുന്നു എന്ന തോന്നൽ ശക്തമാവുമ്പോൾ, കുടുംബത്തിലും തൊഴിൽമേഖലയിലും സമൂഹത്തിലുമെല്ലാം ഒരു ഘട്ടംവരെ മാത്രമേ ആളുകൾ സഹിച്ചുനില്ക്കൂ. അത് കഴിഞ്ഞാൽപ്പിന്നെ വരുംവരായ്കകൾ നോക്കാനുള്ള വിവേകം നഷ്ടമാവുകയും എഴുന്നെള്ളിക്കുന്നതിനിടെ ഇടഞ്ഞ ആനകളെപ്പോലെ വലിയ വിനാശം ഉണ്ടാക്കുകയും ചെയ്യും. ലോകരാജ്യങ്ങളെ കീഴ്മേൽ മറിച്ച വിപ്ലവങ്ങളുടെ ചരിത്രം ഈ വസ്തുത തെളിയിക്കുന്നതാണ്.

കുടുംബാംഗങ്ങളെ യന്ത്രങ്ങളായി കാണുന്നവർക്ക് സംഘർഷങ്ങളുടെ പേമാരിയും കൊടുങ്കാറ്റും പ്രതീക്ഷിക്കാം. കാരണം, ആനകൾ തുരുമ്പിക്കാറില്ല. സ്നേഹവും വാത്സല്യവും അംഗീകാരവും ശാസനയും തിരുത്തലും യന്ത്രങ്ങൾക്ക് ആവശ്യമില്ലെങ്കിലും, മനുഷ്യർക്ക് അത് അത്യാവശ്യമാണ്. അതുകൊണ്ടാണ് ബൈബിളിൽ, പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ, കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും വളർത്തുവിൻ (എഫെസ്യർ 6:4-ൽ)എന്ന് പ്രബോധിപ്പിച്ചിരിക്കുന്നത്. ഇതിന് മുമ്പും പിമ്പുമായി: ഭാര്യമാരേ...ഭർത്താക്കന്മാരേ..മക്കളേ..ദാസന്മാരേ..യജമാനന്മാരേ..എന്നെല്ലാം സംബോധന ചെയ്തുകൊണ്ട് നല്കുന്ന നിർദ്ദേശങ്ങൾ ഓരോരുത്തരും ഗ്രഹിക്കുകയും നടപ്പിലാക്കുകയും ചെയ്താൽ ബന്ധങ്ങൾ ഊഷ്മളമാകും.

## ഐപിസി വാളകം സെന്റർ സണ്ടേസ്കൂൾ ഭാരവാഹികൾ

**കോലഞ്ചേരി:** രക്ഷാധികാരി പാസ്റ്റർ സണ്ണികുര്യൻ, സൂപ്രണ്ട് പാസ്റ്റർ പി.ഐ. പോൾ, ഡെപ്യൂട്ടി സൂപ്രണ്ട് പാസ്റ്റർ സി.പി. കുര്യാക്കോസ്, സെക്രട്ടറി പാസ്റ്റർ ബിജു റ്റി. ബേബി, ജോയിന്റ് സെക്രട്ടറി പാസ്റ്റർ ബാബുരാജ് സി.കെ., ട്രഷറാർ പാസ്റ്റർ റ്റി.പി. ജോൺ, സെന്റർ കൗൺസിൽ പ്രതിനിധി സി.വി.കുരുവിള, സോണൽ സണ്ടേ സ്കൂൾ പ്രതിനിധി മാത്യു കിങ്ങിണിമറ്റം താലന്ത് കൺവീനർ ഇവാ.പോൾ എൻ. മാത്യു, വി.ബിഎസ് കോ-ഓർഡിനേറ്റർ ഷിജു സോളമൻ, എക്സാം കോ-ഓർഡിനേറ്റർ പാസ്റ്റർ എം.ഐ. തോമസ് ഓഡിറ്റേഴ്സ് ഇവാ.ഷിനോജ് കെ.വി., ജോൺസൺ നെല്ലാട് പ്രയർ കോ-ഓർഡിനേറ്റേഴ്സ് ഇവാ. നെസ്റ്റോറി കെ.എസ്., ഇവാ.എം.പി.സ്കറിയ കൂടാതെ അംഗങ്ങളായി 15 പേരേയും തെരെഞ്ഞെടുത്തു.

## ചർച്ച് ഓഫ് ഗോഡ് കർണാടക യൂത്ത് ക്യാമ്പ്

**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് വൈ.പി.ഇ. ക്യാമ്പ് ഏപ്രിൽ 18 മുതൽ 20 വരെ ബാംഗ്ലൂർ ദോഡാ ബെല്ലാപ്പുര മർത്തോമാ ക്യാമ്പ് സെൻററിൽ വെച്ച് നടക്കും. 'ദി ലാസ്റ്റ് അവർ' എന്നതാണ് തീം.

സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി, വൈ.പി.ഇ പ്രസിഡണ്ട് പാസ്റ്റർ ജോസഫ് ജോൺ, ഡോ. ഷിബു കെ. മാത്യു, ഡോ: എബി പി. മാത്യു, പാസ്റ്റർ ജോ തോമസ് എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും.

കുട്ടികൾക്ക് വേണ്ടി എക്സൽ വി.ബി.എസ്. ക്ലാസുകൾ നയിക്കും. ബ്രദർ സോജൻ ബ്രദർ. സോണി സി. ജോർജ് ബ്രദർ ജീസൻ ജോർജ് എന്നിവർ ആരാധനയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ ജോസഫ് ജോൺ (പ്രസിഡണ്ട്) ജാൻസ് പി. തോമസ് (സെക്രട്ടറി) ബെൻസൻ ചാക്കോ ട്രഷറാർ) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.


## EBENEZER THEOLOGICAL SEMINARY

VENGOOR-P.O; AYUR-691533; KOLLAM (Dt.); KERALA
Ph. 0474-249-2237; **9447-264-879; etsindia2001@yahoo.co.in**

**ACCREDITED BY ATA**
Applications are invited for the following programs

| COURSES | | ELIGIBILITY | DURATION |
|---|---|---|---|
| **RESIDENTIAL PROGRAMS** | | | |
| B.Th | (ATA) | +2 or equivalent | 3 years |
| M.Div. | (ATA) | B.A or equivalent | 3 years |
| | | B.Th with 'B' Grade | 2 years |
| M.Th in Church History | (ATA) | M.Div or B.D | 2 years |
| M.Th in Missiology | (ATA) | M.Div. or B.D | 2 years |
| **SEMI-RESIDENTIAL (DISTANCE EDUCATION)** | | | |
| B.Th (in Malayalam) | (ATA) | +2 or Equivalent | 3 years |
| M.Div. | (ATA) | B.A or Equivalent | 3 years |
| | | B.Th with 'B' Grade | 2 years |
| M.Th in Missiology | (ATA) | M.Div or B.D | 2 years |
| M.Th in Religion-Philosophy | (ATA) | M.Div or B.D | 2 years |

Ph.D. in Theological Studies* in process of accreditation, M.Th with B+, 3-5 yrs. (Research under 7 Doctoral Board Members who hold Ph.D degrees from various theological departments like Church History, OT, NT, Missiology and Religion-Philosophy.

For Scholarship and further details contact:

The Principal
Dr. Thomas Chacko, M.A; Ph.D.
M.A. (University of Kerala)
Ph.D. (Doctor of Philosophy) in Church History, Trinity University, Chicago.
Ph. 9447-264-879; etsindia2001@yahoo.co.in


## ഡൽഹി – ആഗ്ര സന്ദർശനത്തിന് അവസരം

ഉത്തരഭാരതത്തിൽ കഴിഞ്ഞ അർദ്ധനൂറ്റാണ്ടായി പെന്തെക്കോസ്ത് വിശ്വാസത്തിനുവേണ്ടി നിലകൊള്ളുന്ന ഐ.പി.സി. നോർത്തേൺ റീജിയൻ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്നു. രാജ്യ തലസ്ഥാനത്ത് നടക്കുന്ന ആത്മീയ സംഗമത്തിലേക്ക് കേരളത്തിൽ നിന്ന് സഭാവിഭാഗവ്യത്യാസമില്ലാതെ 100 പേരെ പങ്കെടുപ്പിക്കുന്നു. മൂന്നു ദിവസം യോഗങ്ങളിൽ പങ്കെടുക്കാനും രണ്ടു ദിവസം ഡൽഹിയും ആഗ്രയും സന്ദർശിക്കാനും ഉള്ള പാക്കേജാണ് ഈ ടൂർ പ്രോഗ്രാമിൽ ഉൾപ്പെടുന്നത്.

കേരളത്തിൽ നിന്നുള്ള യാത്രാ ക്രമീകരണങ്ങൾ, ഡൽഹിയിലെ താമസം, ഭക്ഷണം, ഡൽഹി നഗരസന്ദർശനം, ആഗ്ര (താജ്മഹൽ) സന്ദർശനം, മടക്കയാത്ര തുടങ്ങി എല്ലാ ക്രമീകരണങ്ങളും ഒരുക്കുന്നു. ട്രെയിനിലോ ഫ്ളൈറ്റിലോ യാത്രാ ക്രമീകരണം തിരഞ്ഞെടുക്കാൻ അവസരമുണ്ട്. ഐ.പി.സി. നോർത്തേൺ റീജിയനും ഹാലേലൂയ്യാ പത്രവും ചേർന്നാണ് ഈ ടൂർ ക്രമീകരിക്കുന്നത്.

ആദ്യം ബുക്ക് ചെയ്യുന്ന 100 പേർക്ക് മാത്രം അവസരം.

**9349500155, 8921861968**


## തിരുവല്ലയിൽ പ്രഭാത ആരാധന

**നിങ്ങളുടെ ഞായറാഴ്ച പ്രഭാതങ്ങൾ ഇനി ദൈവസാന്നിധ്യത്തിന്റെ പ്രസന്നതയോടെ..**

എല്ലാ ഞായറാഴ്ചയും രാവിലെ 6.30 മുതൽ 8.30 വരെ
തിരുവല്ല, മുത്തൂർ, ഐപിസി എബനേസർ സഭയിൽ

ഞായറാഴ്ചകളിൽ അതിരാവിലെ ദൈവത്തെ ആരാധിക്കുക!
ഒരുപക്ഷേ നിങ്ങൾക്ക് അത്യാവശ്യ യാത്രകളോ, എൻട്രൻസ് കോച്ചിങ്ങോ ഉണ്ടെങ്കിലും ആരാധന മുടക്കാതിരിക്കുക.



പാസ്റ്റർ സി.പി. മോനായി
നേതൃത്വം നൽകുന്നു.
9495614414, 0469-2731484

## ചെന്നൈയിൽ മലയാളം ആരാധന



Pastor. C.K. Reji

ചെന്നൈയിൽ പുതിയതായി വരുന്നവരെ മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet,
Airport നും Tambaram ത്തിനും നടുക്ക് Church of God (Full Gospel) In India No: 25/2 New colony 13th cross street Chromepet Chennai - 44

SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM

**Phone - 22411060, Mob: 9382599333**

29 വയസുള്ള ഈഴവ പെന്തക്കോസ്ത് യുവാവ് B.Com കാശ്മീരിൽ കോക്കാക്കോള കമ്പിനിയിൽ ജോലി. അനുയോജ്യമായ ആലോചന ക്ഷണിക്കുന്നു.
**9400428846, 9496471970**

## ഉടൻ വില്പനയ്ക്ക്

എയർപോർട്ടിനു സമീപം (7കി.മീ.) അങ്കമാലി കിടങ്ങൂരിൽ 7 സെന്റ് സ്ഥലവും നാല് ബെഡ് റൂമോടുകൂടിയ വീടും ഉടൻ വില്പനയ്ക്ക് (90 ലക്ഷം)
**9847115720**
whatsapp
**0097455366593**

## വീടും സ്ഥലവും വില്പനയ്ക്ക്

വള്ളംകുളം: 10 സെന്റ് സ്ഥലവും വീടും.
ഇരവിപേരൂർ : 12 സെന്റ് സ്ഥലവും വീടും
മനയ്ക്കച്ചിറ : 21 സെന്റ് സ്ഥലം
തോട്ടഭാഗം : 5 സെന്റ് സ്ഥലം
**9745638905**

## അഡോണായി ഹോംമെയ്ഡ് ഫുഡ്സ്

ചോക്കളേറ്റ്, ചമ്മന്തിപ്പൊടി, അച്ചാറുകൾ, മുളകുപൊടി, കുടംപുളി, മല്ലിപ്പൊടി, മഞ്ഞപ്പൊടി, കാരറ്റ് കേക്ക്...
ആവശ്യമുള്ള ഫുഡുകൾ ഓർഡർ അനുസരിച്ച് ചെയ്തുകൊടുക്കപ്പെടും.
*ഹോം ഡെലിവറി ഉണ്ട്*
**Contact: 7559044261**

ദീപ്തി പബ്ലിക്കേഷൻസ്, തിരുവല്ല
ക്രിസ്ത്യൻ ബുക്ക്, സി.ഡികൾ, ബൈബിൾ
**0469-2634321**



**വിവാഹ പരസ്യങ്ങൾക്ക് 750 രൂപ**
പരസ്യങ്ങൾ വാട്ട്സാപ്പിലും ടെലിഫോണിലും സ്വീകരിക്കും
+91-469-2634321
9961720195
maruppacha@yahoo.com
മരുപ്പച്ചയിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളുടെ തുക നിങ്ങളുടെ അക്കൗണ്ടിൽ നിന്നും നേരിട്ട് ബാങ്കിൽ അടയ്ക്കാം.
വിവാഹ പരസ്യങ്ങൾ സൗജന്യമായി വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും.
Maruppacha, South Indian Bank, Branch: Thiruvalla.
Account Number: 007907300000373
IFSC Code: SIBL0000079

Born again syrian christian girl (26/5'4") Software Engineer, born and brought up in Mumbai working in the UK based multinational company seeking proposals from qualified boys.
samuelmathews_25@yahoo.com
**9819025373**

## വില്പനയ്ക്ക്

കല്ലൂപ്പാറ ഐക്കരപ്പടി എൻജിനീയറിംഗ് കോളജിനു സമീപം 22 സെന്റ് സ്ഥലം. വീടുവയ്ക്കാൻ അനുയോജ്യമായ പ്ലോട്ടുകളായി മിതമായ വിലയ്ക്ക്.
**9446977844**

Malayalee pentecostal parents settled in USA invite proposals for their daughter, 26yrs, born again, spirit filled, 160 centimeter (5.3), doing Bs in Computer Engineering (final year) in a well reputed university in the USA, after B.Com. in india. Looking for a born again, spirit filled malayalee boy preferably doctor, Pharm D from USA, Engineer or Engineering student doing higher studies in USA.
**Contact 001 832 614 8058.**
ansasam18@yahoo.com

## DALLAS CHRISTIAN ASSEMBLY (IPC)

505 Mayfield Ave. Garland, TX 75041

Sunday Worship Service: 10:00 am
Wed. & Sat. Night of Prayer: 7:00 pm
Friday Morning Prayer: 10:30 am



Pastor Chacko George (469) 774 1824
dallaschristianassembly@yahoo.com

## RE LOCATE TO DALLAS FOR YOUR DREAM HOUSE !!!

CALL REALTOR
**MATHEW C. SAMUEL**
SFR, ABR, SRES, SRS, GRI, AHWD
**469 258 8118 - cell**
BEAM REAL, ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234



Tel: 9724846644, msamuel7@yahoo.com, www.beamrealestate.com

തന്റേതല്ലാത്ത കാരണത്താൽ നിയമപ്രകാരം വിവാഹമോചിതനായ അമേരിക്കയിൽ സ്ഥിരതാമസവും ബാദ്ധ്യതകളൊന്നുമില്ലാത്തതുമായ പെന്തെക്കോസ്തു യുവാവ് 33, 5'10'. പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. നഴ്സുമാർക്ക് മുൻഗണനന.
**9072584859**

### പുനർവിവാഹം

ഹിന്ദു ക്ഷത്രീയ വിഭാഗത്തിൽ നിന്നും വിശ്വാസത്തിൽ വന്ന പെന്തെക്കോസ്ത് യുവാവ് 40, 180 cm, ഓപ്റ്റോമെട്രിസ്റ്റ് ആയി കുവൈറ്റിൽ ജോലി ചെയ്യുന്നു. കുട്ടികൾ ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.
Whatsapp
**+96565123426**

## വീടും സ്ഥലവും വില്പനയ്ക്ക്

കവിയൂരിൽ 30 സെന്റ് സ്ഥലവും, 1500 sq.feet വീടും വില്പനയ്ക്ക്.
**9745638905**

## വീടും സ്ഥലവും വില്പനയ്ക്ക്

ചങ്ങനാശ്ശേരിയിൽ എസ്.ബി. കോളേജിനും മെത്രാപ്പോലീത്തൻ പള്ളിക്കും മദ്ധ്യേ 17 സെന്റും 2100 സ്ക്വയർ ഫീറ്റ് ഫർണിഷ് വീടും ഉടൻ വില്പനയ്ക്ക്
**9847940773 (whatsapp) 9847121558.**

# പെന്തെക്കോസ്ത് ശുശ്രൂഷാസഹായി

- വിവാഹമായാലും പുതിയൊരു വീടിന്റെ പ്രതിഷ്ഠയായാലും എല്ലാം ചന്തവും ഉചിതവുമാകണം.
- ക്രിസ്തീയ ശുശ്രൂഷയിൽ അനേകരെ കുഴയ്ക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരം
- സഭായോഗം, കർത്തൃമേശ, സ്നാനം, വിവാഹം, ശിശു പ്രതിഷ്ഠ, കല്ലിടീൽ, ഭവനപ്രതിഷ്ഠ, ആലയപ്രതിഷ്ഠ, നവവത്സര പ്രവേശനം, യാത്ര അയപ്പുയോഗം, വാഹന പ്രതിഷ്ഠ, ഉപവാസ പ്രാർത്ഥന, കാത്തിരിപ്പുയോഗം, ശവസംസ്കാരം തുടങ്ങിയ ശുശ്രൂഷകൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നു.
- 101 പ്രസംഗക്കുറിപ്പുകൾ, ചിന്താരത്നങ്ങൾ, കൗൺസലിംഗ്, പ്രസംഗശാസ്ത്രം, ശുശ്രൂഷകൾക്ക് ആവശ്യമായ പാട്ടുകൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.




**പരിഷ്കരിച്ച 7–ാം പതിപ്പ്**

**തിരുവല്ല ദീപ്തിബുക്ക് ഷോപ്പിൽ ലഭിക്കുന്നു**

*ഗ്രന്ഥകർത്താവ്*
**കുര്യാക്കോസ് തോട്ടത്തിൽ**

*വില:* ₹. **200/-**

വിലാസം: **DEEPTHI PUBLICATIONS, PLANTHOTTAM COMPLEX, TIRUVALLA - 1. PH: 0469 - 2634321**




# MARUPPACHA HOLY LAND TOURS

**JORDAN-ISRAEL-SINAI-EGYPT**

CONTACT: 001-832-646-9078
Email: maruppacha@yahoo.com
www.marupacha.com

10 Nights & 11 Days in HOLY LAND



Finny Raju
Houston

MARUPPACHA
Planthottam Complex
Tiruvalla - 689 101
Ph: +91-469-2634321

www.marupacha.com

മരുപ്പച്ച

2019 ഏപ്രിൽ 05

R.N.I. Reg No.67619/97
Postal Reg. No. **KL/TLA/100/2018-20**
License No. **KL/TLA/WPP-116/2018-20**
Licensed to Post without Prepayment

Date of Publication 05 - 04 - 2019



# GODS FAITHFULNESS OF 3000 DAYS

ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ ലോകം ഓർക്കുന്ന ഈ വരുന്ന പെസഹ നാളിൽ ഹാർവെസ്റ്റ് കേരളം പ്രേക്ഷക ലോകത്തെത്തുന്നു.

ഹാർവെസ്റ്റ് ടിവി നെറ്റ്‌വർക്കിൽ നിന്ന് മറ്റൊരു ആത്മീയ ചാനൽ

HARVEST TV കേരളം

Asianet digital | VISION | GLORYSTAR SATELLITE SYSTEMS | amazon fireTV | ROKU TV | 121 TV | App Store | Google play




## നന്ദിയോടെ.........

ലോകത്തിന് പ്രത്യാശയും പ്രതീക്ഷയും പകരുന്ന ക്രിസ്തുവിന്റെ സുവിശേഷം മാനവഹൃദയങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച ഹാർവെസ്റ്റ് ടി.വി നെറ്റ്‌വർക്കിന്റെ പ്രവർത്തനങ്ങളിൽ ദൈവത്തിന്റെ മഹാകരുതൽ തുടക്കം മുതൽ ഞങ്ങൾ അനുഭവിച്ചിരുന്നു. കർത്താവും ഞാനും എന്റെ കുടുംബവും പിന്നെ 10 പ്രവർത്തകരും.... ഇങ്ങനെ എഴുതാനാണ് എനിക്കിഷ്ടം. ഈ ശ്രേഷ്ഠ ദൗത്യനിർവ്വഹണത്തിനായി ദൈവം ഞങ്ങളെ വിളിച്ചതിൽ ഏറെ സന്തോഷിക്കുന്നു. പ്രാർത്ഥനയുടെ പിൻബലമാണ് ഞങ്ങളുടെ മൂലധനം. പരിമിതികൾ ഉള്ളപ്പോഴും ബാധ്യതകൾ കൂടാതെ, കൃത്യമായ കാഴ്ചപ്പാടുകളോടെ ദൈവം മുന്നോട്ട് നയിക്കുന്നു എന്നുള്ളതിനാൽ ഈ മഹാദൗത്യത്തിലെ തിരുഹിതം ഞങ്ങൾ തിരിച്ചറിയുന്നു. ഇന്നയോളമുള്ള പ്രവർത്തനങ്ങളിൽ കൈത്താങ്ങലും പ്രാർത്ഥനയും തന്ന് സഹായിച്ച ഏവരേയും നന്ദിപൂർവ്വം ഓർക്കുന്നു. നിങ്ങൾ ഞങ്ങൾക്കായി പ്രാർത്ഥിക്കുമ്പോൾ, പിന്തുണയ്ക്കുമ്പോൾ ഈ മഹനീയ കർതൃനിയോഗത്തിൽ നിങ്ങളും പങ്കാളികളായി തീരുകയാണ്. തുടർന്നും ഹാർവെസ്റ്റ് ടെലിവിഷൻ നെറ്റ്വർക്കിന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും. ദൈവം നമ്മിലൂടെ ഇനിയും വലിയ കാര്യങ്ങളെ ചെയ്യട്ടെ.



**BIBI GEORGE CHACKO**
Harvesters for The Lord Jesus Christ
Founder | CEO | Chief Editor
5 CHRISTIAN CHANNELS REACHING 151 COUNTRIES

HARVEST TELEVISION NETWORKS
TRIVANDRUM • CHENNAI • DELHI • USA • KUWAIT • UAE

HARVEST TV | HARVEST 24X7 ENGLISH CHRISTIAN CHANNEL | HARVEST USA | HARVEST ARABIA

EDUCATE, ENCOURAGE & EMPOWER THE BODY OF CHRIST

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at Rashtra Deepika for MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.